

The Malankara Orthodox Syrian Church

# GREGORIAN VOICE

2010 JUNE 15
VOL. 1 ISSUE. 1

OFFICIAL ONLINE JOURNAL June 1-15

E-mail: editor@gregorianvoice.com, Website: www.gregorianvoice.com Ph: 0479-2312328, 2312202, Mob: 9447277690



## മഹാ പുരോഹിത സന്ദേശം

*വാത്സല്യമക്കളെ!*

അനുദിനം വികസനം പ്രാപിക്കുന്നതും മാറിക്കൊിരിക്കുന്നതുമായ ഒരു ലോകത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് സുവിശേഷ പ്രചരണത്തിനും വിശ്വാസ പ്രബോധനങ്ങൾക്കുമുള്ള പുതിയ ഉപാധികൾ നാം തേടേയിരിക്കുന്നു. എല്ലാവർക്കും സ്വീകാര്യവും പരിചിതവുമായ മാധ്യമങ്ങൾ ഇതിനായി വേണം. വിജ്ഞാന കൈമാറ്റത്തിന് ഇന്റർനെറ്റ് ഇന്ന് വളരെ സഹായകമാണ്. ഇന്നത്തെ തലമുറയ്ക്ക് ഈ സംവിധാനം വളരെ പരിചിതവുമാണ്. പരിശുദ്ധ സഭയുടേതായി പരുമല സെമിനാരിയിൽ നിന്ന് ഗ്രീഗോറിയൻ വോയ്സ് എന്ന പേരിൽ ഇന്റർനെറ്റ് ജേണൽ തുടങ്ങുന്നു എന്നറിയുന്നതിൽ നാം അതിയായി സന്തോഷിക്കുന്നു.

സഭയുടെ സത്യവിശ്വാസത്തെയും കൂദാശകളുടെ പ്രാധാന്യത്തെയും പുതിയ തലമുറകൾക്ക് ഇതിലൂടെ പകർന്നു കൊടുക്കുവാൻ സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു. കേരളത്തിന് പുറത്തുള്ള സഭാ മക്കൾക്ക് ഇതിന്റെ കൂടുതൽ പ്രയോജനം ലഭിക്കും. ഇതിന്റെ പ്രവർത്തനങ്ങൾക്ക് സർവ്വവിധമായ അനുഗ്രഹങ്ങളും പരിശുദ്ധനായ പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയാൽ ദൈവം തമ്പുരാൻ ചൊരിഞ്ഞുതരട്ടെ എന്നു പ്രാർത്ഥിക്കുന്നു., ആശംസിക്കുന്നു.

എന്ന്

***ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ***

*15 - 06 - 2010*

# ഇതു ചരിത്ര നിമിഷം





**അഭി. പൗലോസ് മാർ മിലിത്തിയോസ്**

**ശ്രേഷ്ഠ നിയുക്ത കാതോലിക്ക**

വിസ്തൃതവും വിശാലവുമായ മലങ്കര ഓർത്തഡോക്സ് സഭയ്ക്കു സുസജ്ജമായ നേതൃത്വം നൽകുന്നതിനു ദൈവത്താൽ നിയോഗിതരായ ഏഴു വൈദീക ശ്രേഷ്ഠർ അഭിഷിക്തരായി. പ്രശ്നകലുഷിതമായ ഭൂതകാലങ്ങളിൽ ശക്തമായ തീരുമാനങ്ങൾക്കും ഉറച്ച നിലപാടുകൾക്കും വേദിയായി തീർന്നിട്ടുള്ള മാർ ഏലിയാ കത്തീഡ്രൽ (എംഡി സെമിനാരി) ഈ മഹത് ശുശ്രൂഷയ്ക്കു വേദിയായത് ദൈവോചിതം തന്നെ. യോഗ്യരായവരിൽ നിന്നു തികച്ചും ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ടു, പുതുതായി അഭിഷിക്തരായ ഈ സപ്തർഷികൾ നാളിതുവരെ വ്യത്യസ്ത മേഖലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച് സഭാമക്കളുടെ ആദരവിനും അംഗീകാരത്തിനും പാത്രീഭൂതരായിട്ടുള്ളവരാണ്. യുവജന - വിദ്യാർഥി സമൂഹത്തിന്റെ സാധ്യതകളെ ഉൾക്കൊു പ്രവർത്തിക്കാൻ പര്യാപ്തരും ആശ്രമ, മിഷൻ പ്രവർത്തനങ്ങൾക്കു ശക്തമായ അടിത്തറ രപീകരിക്കാൻ കെൽപ്പുള്ളവരും നവാഭിഷിക്തരിൽ ഉൾപ്പെടുന്നു.

പ്രബോധന രംഗങ്ങളിലും എക്യുമെനിക്കൽ പ്രസ്ഥാനങ്ങളിലും സജീവമായി പങ്കുചേരുന്ന ഈ പിതാക്കന്മാർക്കു സഭയുടെ സമസ്ത മേഖലകളിലും ക്രിയാത്മകമായ നേതൃത്വം നൽകി പുതിയ നൂറ്റാിന്റെ പ്രതീക്ഷകളെ സാക്ഷാൽക്കരിക്കാൻ കഴിയും എന്നതിൽ തർക്കമില്ല.

കാലത്തിന്റെ വെല്ലുവിളികളെ ഉൾക്കൊു സഭയ്ക്കു സുധീരനേതൃത്വം നൽകാൻ നിയോഗിതരായ ഭൂതകാല പിതാക്കന്മാർ ദൈവം സഭയ്ക്കു നൽകിയ വരദാനമായിരുന്നു. പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ ഭാരത ക്രിസ്തീയ സഭ നീ 21 നൂറ്റാുകൾ പിന്നിട്ട് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായിൽ എത്തിനിൽക്കുമ്പോൾ ഗതകാല സ്മരണകളിൽ ദൈവ നടത്തിപ്പിന്റെ വഴികൾ സുവ്യക്തമാണ്.

വിശുദ്ധ വേദപുസ്തകത്തിന്റെ കാഴ്ചപ്പാടിൽ "നില നിൽക്കുന്നത് എന്തോ അതു ദൈവികമാണ്." സ്വന്തമായും സ്വതന്ത്രമായും സ്വതനിമ നിലനിർത്തി മുമ്പോട്ടു പോകാൻ സഭയ്ക്ക് ഇന്നു സാധിക്കുന്നു. പരിഹാസങ്ങളുടെയും വിമർശനങ്ങളുടെയും നടുവിലും എല്ലാം നഷ്ടമാകുമെന്ന സാഹചര്യത്തിലും ദൈവാശ്രയത്തോടെ ധീരോദാത്തമായ നിലപാടു സ്വീകരിച്ചു സഭാ നൗകയെ ശാന്തിയുടെ തീരത്ത് എത്തിച്ച പൂർവികരെ ഈ സമയം നിറഞ്ഞ അഭിമാനത്തോടെ സ്മരിക്കുന്നു.

പരിശുദ്ധ ബസേലിയോസ് ദ്വിദിമോസ് പ്രഥമൻ

Editorial

# അനന്ത സാദ്ധ്യതകൾ ...



മഴ... മഴ... മഴ... ദീർഘ കാലത്തെ വരൾച്ചയ്ക്കു ശേഷം മഴക്കാലം തുടങ്ങി. ഈ കൊച്ചു കേരളത്തിൽ തുടങ്ങിയെന്നു മാത്രമല്ല തിമിർത്തുപെയ്യുകയാണ് കുറെ ദിവസങ്ങളായി. ഇതിനിടയിൽ മരങ്ങൾ കടപുഴകി വീഴുന്നു... ഉരുൾ പൊട്ടുന്നു...യാത്ര ദുസ്സഹമാകുന്നു. മറുവശത്ത് ദാഹിച്ചു വരു കിടന്ന ഒരായിരം വിത്തുകൾ തങ്ങളുടെ ശൈശവം ആഘോഷിക്കുന്നു. ഇതിനിടയിൽ നല്ലതേത് ചീത്തയേത് എന്നു തിരിച്ചറിയുവാൻ കഴിയാത്ത രീതിയിൽ തലയുയർത്തി നിൽക്കുകയാണ് ചെടികളെല്ലാം.

ആശയ സംവേദന രംഗത്ത് കഴിഞ്ഞ ഒരു ദശകമായി മലങ്കരയിലും മുളച്ചു പൊങ്ങിയത് നൂറുകണക്കിന് പ്രസിദ്ധീകരണങ്ങളാണ്. ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങളുടെ എണ്ണം കൂടി വരികയാണ് അനുദിനവും. ഇവയിൽ പലതും വ്യക്തികളുടെ സാമ്രാജ്യങ്ങൾ കെട്ടിപ്പടുക്കുവാനുള്ളവയാണെന്നും കച്ചവട കണ്ണുകളോടു കൂടിയയവയാണെന്നുമുള്ള ബോധ്യം മിക്കവർക്കുമറിഞ്ഞുകുടാ. ഈ യാഥാർത്ഥ്യം മനസിലാക്കിയാണ് മലങ്കര സഭയുടെതായി ഒരു ഔദ്യോഗിക വാർത്താ വെബ് സൈറ്റിന് തുടക്കമിട്ടിരിക്കുന്നത്. 2010 ഏപ്രിൽ മാസം 30-ാം തീയതി പരിശുദ്ധ കാതോലിക്കാ ബാവായുടെ 201/2010-ാം നമ്പർ കൽപ്പനയിലൂടെ Catholicate News നിലവിൽ വന്നു. മെയ് മാസം 12-ാം തീയതി കോട്ടയം ഏലിയാ കത്തീഡ്രലിൽ ഇതു സംബന്ധിച്ച് ഔദ്ധ്യോഗിക പ്രഖ്യാപനമുായി.

Gregorian Voice എന്ന ഓൺലൈൻ ജേണൽ സഭയുടെ പ്രസിദ്ധീകരണ രംഗത്തെ പുതിയ ചുവടുവെയ്പ്പാണ്. ഇത് ഒരു പ്രസിദ്ധീകരണ ശ്രംഖലയുടെ ഏറ്റവും പുതിയ കണ്ണിയാണ്. വളരെ എളിയ രീതിയിൽ തുടങ്ങിയ ഒരു വെബ് സൈറ്റാണ് ഇന്ന് ഒരു വടവൃക്ഷം പോലെ തഴച്ചു വളരുന്നത്. 2000-ാമാിൽ പരുമല പള്ളി കൂദാശ ചെയ്ത കാലത്ത് ബംഗ്ലൂരിൽ ജോലി ചെയ്യുന്ന വാകത്താനം സ്വദേശി ശ്രീമാൻ ആഷിഷ് പുന്നൂസ് www.parumalachurch.com എന്നൊരു വെബ് സൈറ്റ് തുടങ്ങിയിരുന്നു. തികച്ചും വ്യക്തിപരമായി സമാരംഭിച്ചതായിരുന്നു ഇതെങ്കിലും ആഷിഷിന്റെ ഉത്തരവാദിത്ത ബോധവും സമർപ്പണ മനോഭാവവും പ്രത്യേകാൽ സഭാസ്നേഹവും മൂലം അനേകരെ ഇതാകർഷിക്കുകയുായി. 2007-ൽ പരിശുദ്ധ സഭയുടെ ശ്രദ്ധയിൽ ഇതിനെ കൊുവന്നത് ഇപ്പോൾ പരുമല സെമിനാരി മാനേജരായിരിക്കുന്ന വന്ദ്യ എം.ഡി.യൂഹാനോൻ റമ്പാച്ചനാണ്. ഇരുവരുടെയും ശ്രമഫലമായി ഈ വെബ് സൈറ്റ് ഇന്ന് www.parumalachurch.org എന്ന പേരിൽ സ്തുത്യർഹമായി പ്രവർത്തിക്കുന്നു. ഇതിന്റെ തുടർച്ചയായയാണ് 2007-ൽ ആരംഭിച്ച ഗ്രീഗോറിയൻ ടി.വി., 2008-ൽ തുടങ്ങിയ ഗ്രീഗോറിയൻ റേഡിയോ, 2009-ൽ പൊട്ടിവീണ www.orthodoxchurch.in എന്നീ സംരംഭങ്ങൾ.

ഗ്രീഗോറിയൻ വോയ്സിന്റെ നടത്തിപ്പിനായി ശ്രേഷ്ഠ നിയുക്ത ബാവാ ചെയർമാനായി ഒരു എഡിറ്റോറിയൽ ബോർഡ് 279-ാം നമ്പർ കൽപ്പനയിലൂടെ പരിശുദ്ധ കാതോലിക്ക ബാവാ (ജൂൺ 09, 2010) നിയമിച്ചിട്ടു്. കംപ്യൂട്ടർ സ്ക്രീൻ ഉഗ്രവാസ്തവികതയുടെ ഭാഗമാണ്. അതിന്റെ അനന്തസാധ്യതകൾ റേ കുർസ്വെയിൽ (Ray Kurzwail) എന്നയാൾ The age of the spiritual Machines എന്ന ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടു്. മലങ്കര സഭയും ആശയ വിനിമയ രംഗത്തെ പരീക്ഷണങ്ങളിൽ പങ്കാളിയാവുകയാണ്. സഭയുടെ ചരിത്രം, വിശ്വാസം, പാരമ്പര്യം, ആരാധന എന്നിങ്ങനെയുള്ള വിഷയങ്ങളിൽ മലയാളത്തിലും ഇംഗ്ലീഷിലുമുള്ള ലേഖനങ്ങൾ ഈ ജേണലിൽ ഉൾപ്പെടുത്തുന്നതാണ്. വായനക്കാരുടെ പ്രാർത്ഥനാപൂർവ്വമായ സഹകരണവും സൃഷ്ടിപരമായ വിമർശനങ്ങളും ഞങ്ങൾ സ്വാഗതം ചെയ്യുന്നു. പരിശുദ്ധ പരുമല തിരുമേനിയുടെ പാവന സ്മരണയ്ക്കു മുമ്പിൽ ആദ്യലക്കം അതരിപ്പിക്കട്ടെ.

**ഫാ. ഡോ. റജി മാത്യു**

*(ചീഫ് എഡിറ്റർ)*


## EDITORIAL BOARD

**PRESIDENT**
**H.B. Paulose Mar Milithios Metropolitan**
*Catholicos Designate*

**VICE - PRESIDENTS**
**Dr. Yuhanon Mar Chrisostomos**
**Dr. Zacharia Mar Aprem**

**CHIEF EDITOR**
**Fr. Dr. Reji Mathews**

**MANAGING EDITOR**
**Fr. M.D. Yuhanon Ramban**

**EDITORS**
**Fr. Yuhanon John *(Head Quarters)***
**Asish Punnoose *(Outside India)***

**SUB EDITORS**
**Fr. E.M. Philip**
**Dr. Sibi Tharakan**
**Jacob Oommen**

**MEMBERS**
**Fr. Alexander Abraham**
**Fr. P.A. Philip**
**Fr. Thomas Amayil**
**Thomas Kuruvila**
**Dr. Saramma Varghese**
**Priya Jacob**
**Adv. Jaicy Karingattil**


ബാവായ്ക്ക് ഇത് അതുല്യ സൗഭാഗ്യമാണ്. നല്ല വാർധക്യത്തിൽ പരിശുദ്ധ സഭയുടെ അമരക്കാരനായി ചുമതലയേറ്റ അദ്ദേഹത്തിന്റെ ശുശ്രൂഷക്കാലത്തു സഭയ്ക്കുായ അഭൂതപൂർവമായ ദൈവകൃപയും പുരോഗതിയും ശ്രദ്ധേയം തന്നെ. ഒരു അസോസിയേഷൻ യോഗംപോലും വിളിച്ചു ചേർക്കാൻ കഴിയാത്ത നിയമക്കുരുക്കിൽ നിന്നു സടകുടഞ്ഞെഴുനേറ്റ പരിശുദ്ധ പിതാവ് ചുരുങ്ങിയ കാലങ്ങൾക്കുള്ളിൽ യോഗങ്ങൾ വിളിച്ചുചേർത്തു സഭയുടെ ചരിത്രഗതിയെ സ്വാധീനിക്കുന്ന സുപ്രധാന നിരവധി തീരുമാനങ്ങൾ കൈക്കൊള്ളുകയുായി.

ഏഴു മേൽപ്പട്ടക്കാരെക്കൂടി വാഴിച്ചതിലൂടെ മലങ്കര സഭാ ചരിത്രത്തിൽ ഏറ്റവും കൂടുതൽ മെത്രാപ്പോലീത്താമാരെ വാഴിച്ച കാതോലിക്കാ എന്ന നിലയിൽ അദ്ദേഹം അതുല്യനാകുന്നു. നിരന്തരമായ പ്രാർതഥനയുടെയും തികഞ്ഞ ശാന്തതയുടെയും പിൻബലത്തിൽ അദ്ദേഹം കൈക്കൊള്ളുന്ന തീരുമാനങ്ങളും അതു നടപ്പാക്കാൻ പ്രകടിപ്പിക്കുന്ന ആർജവത്വവും എടുത്തുപറയേതാണ്. പരിശുദ്ധ പിതാവിന് ആയുരാരോഗ്യങ്ങൾ നേരുന്നു.

ഈ ഉദ്യമം എറ്റെടുത്ത മാർ ഏലിയാ കത്തീഡ്രൽ പിതാക്കന്മാരുടെ കണ്ണീരിൽ കുതിർന്ന മണ്ണാണ്. വേദനാപൂർണ്ണമായ നിരവധി സംഭവങ്ങൾക്കു സാക്ഷ്യം വഹിച്ചിട്ടുള്ള സ്ഥാനം. പഴയ സെമിനാരി ഉൾപ്പെടെ സകലവും നഷ്ടപ്പെട്ടപ്പോൾ അഭയമായ സ്ഥലം. മലങ്കര സയുടെ ചരിത്രം ശാന്തമായി വിശ്രമിക്കുന്ന ഈ സ്ഥലത്തു നടന്ന അഭിഷേക ശുശ്രൂഷ ദൈവനിയോഗമായി കാണുന്നു. സ്ഥാപക പിതാവായ ഭാഗ്യസ്മരണാർഹൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസിന്റെ ചരമശതാബ്ദിയാണു പോയ വർഷം ആഘോഷിച്ചത്. ആ പിതാവിന്റെ ധന്യ സ്മരണയ്ക്കു മുമ്പിൽ സഭ നമ്രശിരസ്തമാകുകയാണ്. ഈ മഹനീയ ശുശ്രൂഷ അനുഗ്രഹമാക്കാൻ അധ്വാനിച്ച ഏവരോടും പ്രത്യേകിച്ച് ഏലിയാ കത്തീഡ്രൽ ഇടവകയോടും സഭയ്ക്കുള്ള നന്ദി നിസ്സീമമാണ്.



# The Mission of the Orthodox Church in the 21st Century



**Dr. P.C. Alexander**

*Former Governer of Maharashtra & Tamil Nadu*

*Former principal Secretary to PM of India*

*To have 33 Metropolitans for the church indicates not merely the vast expansion in the number of parishes and places of worship in recent years in India and outside but also reflects the determination of the church to take on spiritual reawakening in the church with special emphasis on service to the poor, as the main mission of the church in the 21st Century.*

Let me at the outset share the joy and pride of my fellow members of the orthodox church of india in having seven more Metropolitans who had dedicated their lives for the service of the church from their very young years. To have 33 Metropolitans for the church indicates not merely the vast expansion in the number of parishes and places of worship in recent years in india and outside but also reflects the determination of the church to take on spiritual reawakening in the church with special emphasis on service to the poor, as the main mission of the church in the 21st century.

Under the wise guidance and leadership of His Holiness Didimus I, the supreme Head of the church, the church is now well set for expanding its service to different parts of the world whereever Orthodox people live and also forging new links of close friendship with other Christian Churches

A rather strange feature of the early centuries of the church in India was that the church did not have an ecclesiastical hierarchy of its own. The arch deacons who presided over the administration of the church during these long years had not gone in for any formal ecclesiastical position for themselves for some inexplicable reasons. It was only in 1653 after historic 'Kooonen Kurissu' oath that the people decided to elect Arch deacon Thomas as the Metropolitan of the church with the title of Mar Thoma I.

Another feature of the existence of the church in the early centuries in Kerala about which we feel happy and proud was that the church had never experienced persecution or oppression from the dominant Hindu community in the land. Most of the Christian churches of the world in the early were victims of intolerance and inhuman oppression from the dominant communities or their rulers. But our ancestors who had adopted the Christian faith were honoured by Royal charters of rights and privileges and had received all support from the Hindu community for practising their faith free fear or discrimination.

In fact, the troubles for the Orthodox Church in India started only after its contact with foreign churches beginning with the advent of the Portuguese in India. The forced conversion of the members of the Orthodox faith into the Roman Catholic church with the backing of the Portuguese power entrenched in the Cochin port, and later, the attempts of protestant missionaries to entice the people of the Orthodox faith accept Anglican Protestantism are bitter chapters in the history of the church. Unfortunately the Orthodox church had allowed itself to be brought under the control of the Syrian church of Antioch in order to escape the unfriendly attempts of the western Churches. What was expected to be a friendly alliance with the Antiochan church soon turned out to be a loss of its autonomy and transformation into a branch of the syrian Church of Antioch. At last, the highest court of justice in our full fledged democracy through its historic judgements of 1958 and 1995 recognized the right of the church to retain its independence free from external control. The Supreme Court of India also recognized the institution of the Catholicate in India in 1812 and had thus facilitated its return to the full autonomy it had enjoyed before.

In a couple of years from now, the church will be celebrating the centenary of the establishment of the institution of the Catholicate and preparations have already started for this great event. We are fortunate that we have at this stage of the church's history, a dedicated team of Metropolitans who can lead the church to the still waters of peace and progress and gain for it universal recognition as one of the apostolic churches of the world enjoying full freedom foreign control.

During the last few years several suggestions have emerged from the members of the church for strengthening our independence and formally removing some of the remnants of our old subordinate relations with the church of Antioch. I mysely have in all humility suggested the amendments badly needed for the constitution of 1934 to faciliate this progress smoothly and without any legal hitch. I am confident that the authorites of the church will give serious consideration to the various suggestions for change placed before them by people who crave for seeing their church as the national church of India.

I would like to conclude this article by recalling one of the suggestions, I have been frequently making during the last few years and that is that we should

## പരുമല തിരുമേനിയുടെ വചന സൂക്തം

**ദൈവ മാതാവ്**

"തമ്പുരാനെപെറ്റ അമ്മയെ കുടുംബത്തോടുകൂടെ നിങ്ങൾ എല്ലാവരും ഭക്തിയായി വിചാരിച്ചുകൊള്ളണം. അമ്മയ്ക്കു വിരോധമായി പറയുന്ന പിണക്കു പ്രസംഗിങ്ങളെ സാത്താന്റെ സന്തതികളെന്നും കണക്കിട്ടുകൊള്ളണം." (സ്വ.കത്ത് 1902 24)

**ദൈവം – സാത്താൻ**

"ദൈവത്തെ ഭയപ്പെടണം; സാത്താനെ പേടിക്കരുത്" സ്വകാര്യ കല്പന

**ശത്രു – ബന്ധു**

"ശത്രുവിനെയും സ്നേഹിക്കണം; ബന്ധുക്കളെ ശത്രുക്കളാക്കരുത്." (സ്വ.ക)

**പിതൃഭക്തി**

"പിതാവിനോട് ചോദിക്ക. പിതാവു കൈവിട്ടാൽ ദൈവവും വിടും" (സ്വ.ക)

**ദൈവത്തെ ഓർത്ത്**

"സകലത്തിലും ദൈവത്തെ ഓർത്തു പ്രവർത്തിക്ക. അപ്പോൾ സകലവും നമുക്കു ശുഭമായിത്തീരും." (സ്വ.ക.)

**ആത്മാവ് – ശരീരം – ദൈവം – ദ്രവ്യം**

"ആത്മാവിനെക്കാൾ ശരീരത്തെയും ദൈവത്തെക്കാൾ ദ്രവ്യത്തെയും സ്നേഹിക്കരുത്." (സ്വ.ക.)

**കൂട്ടുകാർ**

"ദൈവഭയമില്ലാത്തവർ കൂട്ടുകാരായിത്തീരരുത്." (സ്വ.ക.)

**പ്രാർത്ഥനാശീലം**

"നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗിയോ ഭക്തിഹീനനോ ജനദ്വേഷിയോ സ്വാമിദ്രോഹിയോ ആയിത്തീരുന്നില്ല." (ഭക്തവചനം) – പ്രസംഗം

**ദൈവഭയം – താഴ്മ**

"ദൈവഭയത്തെ മുറുകെ പിടിച്ചുകൊള്ളുക; താഴ്മയെ നല്ല ആഭരണമായി ധരിക്കയും ചെയ്തുകൊള്ളുക." (സ്വ.ക)

without any more delay include in the Thubadhen used at the time of Holy Qurbana, the names of all the seven supreme spiritual heads of the church who had held the high office of the Catholicos of the East. We should not also delay any further the inclusion of the revered name of Moran Mar Abdul Messiah, Patriarch of the Church of Antioch, who had presided over the consecration of the first Catholicos, Moran Mar Baselios Paulose I. It will be ironic that we would be remembering with gratitude the services of these great ecclesiastical dignitaries of the church through the Thubadhen.

## പരിശുദ്ധന്റെ ദൃക്സാക്ഷി

**പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ**

നമ്മുടെ സഭ സ്വീകരിച്ചിട്ടുള്ള പരിശുദ്ധന്മാരെ നിങ്ങൾ നിങ്ങളുടെ ജീവിതത്തിൽ മാതൃകയായി സ്വീകരിക്കണം. പരിശുദ്ധന്മാരും പുണ്യവാന്മാരും നിറഞ്ഞ സഭയാണ് നമ്മുടേത്. നമ്മുടെ കാലത്തു തന്നെ ജീവിച്ചിരുന്ന ഒരു മഹാപരിശുദ്ധനണല്ലോ പരുമല തിരുമേനി. അദ്ദേഹം ജീവനോടിരുന്നപ്പോൾ തന്നെ അനേകം മഹാത്ഭുതങ്ങൾ ചെയ്തിട്ടു്. അദ്ദേഹം മരിച്ച ഒരു ശിശുവിനെ ജീവിപ്പിക്കുകകൂടി ചെയ്തിട്ടു് എന്ന വസ്തുത നിങ്ങളിൽ അധികം പേരും അറിഞ്ഞിട്ടില്ലായിരിക്കും. ഒരിക്കൽ തിരുമേനി കുന്നംകുളത്ത് എഴുന്നള്ളിയിരിക്കുമ്പോൾ അദ്ദേഹത്തിന്റെ മുമ്പിൽ ഒരു ശിശുവിനെ അതിന്റെ മാതാപിതാക്കൾ കിടത്തിയിട്ടു പോയി. ആ കുട്ടി മരിച്ചു പോയിരുന്നു. തിരുമേനി ആ ശിശുവിന്റെ സമീപം ചെന്നിരുന്നു. സ്ലീബാ കുട്ടിയുടെ മീതെ വച്ച് വളരെ നേരം ഹൃദയം നൊന്ത് പ്രാർത്ഥിച്ചു. അത്ഭുതം! ആ കുട്ടി ഒന്നു രു തുമ്മി, കണ്ണുതുറന്നു, ശ്വാസോച്ഛ്വാസം ചെയ്തു തുടങ്ങി. അങ്ങനെ ജീവൻ വീും പ്രാപിച്ച് പൂർണ്ണ സുഖമുള്ളതായിത്തീർന്നു.

നമ്മുടെ പരിശുദ്ധന്മാരെ വേണം എപ്പോഴും നാം മാതൃകയായി സ്വീകരിക്കുവാനും മറ്റുള്ളവർക്കു ചൂികാണിച്ചു കൊടുക്കുവാനും.

*(പരുമല സ്മൃതി – 1954 ഫെബ്രുവരി 28 – ാം തീയതി ഓർത്തഡോക്സ് തീയോളജിക്കൽ സെമിനാരി വാർഷിക സമ്മേളനത്തിൽ ചെയ്ത പ്രസംഗം. സമ്പാദകൻ – ഡോ. സാമുവേൽ ചന്ദനപ്പള്ളി)*

### പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ



**യുയാക്കീം മാർ ഈവാനിയോസ്**

**പരുമല സെമിനാരി**

**06-06-2010**

*“നീതിമാന്റെ ഓർമ്മ വാഴ്വിനായി തീരട്ടെ”*

# ശിശുസ്നാനം ബൈബിളിൽ

മലങ്കര ഓർത്തഡോക്സ് സഭയുടെ ഏഴ് കൂദാശകളിൽ ആദ്യത്തേയും മറ്റ് കൂദാശകളിൽ വച്ച് ഏറ്റവും പ്രാധാന്യമേറിയതുമായ കൂദാശയാണ് ശിശുസ്നാനം. വി.വേദപുസ്തകാടിസ്ഥാനത്തിലുള്ള ഈ കൂദാശയെ പെന്തക്കോസ്ത് സഭകൾ അംഗീകരിക്കുന്നില്ല. തത്ത്വദീക്ഷക കൂടാതെ വീും വീും സ്നാനം നൽകുന്ന അപലപനീയമായ രീതി അവർ പിന്തുടരുന്നു. ഒരു പ്രാവശ്യം മുക്കുന്നവർ, മൂന്ന് പ്രാവശ്യം മുക്കുന്നവർ, മലർത്തി മുക്കുന്നവർ, കമഴ്ത്തി മുക്കുന്നവർ ഇങ്ങനെ വിവിധ രീതികളിൽ അവർ സ്നാനം നടത്തുന്നു. പെന്തക്കോസ്തുകാരുടെ സ്നാപനം സംബന്ധിച്ച തെറ്റായ മനോഭാവവും വൈകൃത വ്യാഖ്യാനവും ഓർത്തഡോക്സ് സഭ സ്വീരിക്കുന്നില്ല. അവർ ജലത്തിന്റെ അളവിന് പ്രാധാന്യം നൽകുകയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്ക് പ്രായപരിധി നിശ്ചയിച്ച് പരിശുദ്ധാത്മാവിന് കടിഞ്ഞാണിടാൻ ശ്രമിക്കുകയും ചെയ്യുന്നു. ദിവ്യശക്തി, പാസ്പോർട്ട്, ഉദ്യോഗക്കയറ്റം, സന്താന സൗഭാഗ്യം, സമ്പൽ സമൃദ്ധി തുടങ്ങിയവ ലഭ്യമാകണമെങ്കിൽ ആറ്റിലോ കുളത്തിലോ മുങ്ങി മുതിർന്ന സ്നാനം സ്വീകരിക്കണമെന്ന് പ്രലോഭിപ്പിക്കുകയും ചെയ്തുകൊിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ ശിശുസ്നാനത്തിന്റെ പ്രാധാന്യത്തെ തിരുവചനത്തിന്റെ വെളിച്ചത്തിൽ വെളിപ്പെടുത്തുവാനുള്ള പരിശ്രമമാണ് ഈ ലേഖനം വഴി വെളിപ്പെടുത്തുന്നത്. പഴയനിയമത്തിലും പുതിയ നിയമത്തിലും ശിശുസ്നാനത്തിന്റെ തെളിവുകളു്.

### എന്താണ് ശിശുസ്നാനം?

ആദ്ധ്യാത്മിക ജീവിതത്തിന്റെ വാതിൽ, തിരുസഭയുടെ കവാടം എന്നീ അപരനാമങ്ങളിൽ അറിയപ്പെടുന്ന കൂദാശയാണ് ശിശുസ്നാനം. ത്രിയേക ദൈവനാമത്തിൽ ഒരു പൈതലിനെ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിൽ പ്രവേശിപ്പിച്ച് രാജകീയ പുരോഹിത വർഗ്ഗത്തിലേക്ക് അഭിഷേകം ചെയ്യപ്പെടുന്ന കൂദാശയാണ് ശിശുസ്നാനം. ശിശുസ്നാനത്തെ തിരുസഭയുടെ കവാടം എന്നറിയപ്പെടുവാൻ കാരണം മറ്റെല്ലാ കുദാശകളും സ്വീകരിപ്പാൻ വ്യക്തിയെ അർഹനാക്കുന്നത് ശിശുസ്നാനം വഴിയായതിനാലാണ്.

ശിശുസ്നാന പഠനത്തിന്റെ അടിത്തറകൾ ഏവ?

ശിശുസ്നാനത്തെപ്പറ്റി നിഷ്പക്ഷമായി പഠിക്കുവാൻ അഞ്ച് പാതകൾ തിരഞ്ഞെടുക്കണം.

1) വേദപുസ്തകാടിസ്ഥാനം

2) ചരിത്രപരമായ വസ്തുതകൾ

3) പാരമ്പര്യം

4) പിതാക്കന്മാരുടെ പഠിപ്പിക്കലുകൾ

### 1) വേദപുസ്തകാടിസ്ഥാനം

സ്നാനം മാത്രമാണ് ദൈരാജ്യത്തിൽ പ്രവേശിക്കുവാനുള്ള യോഗ്യതയെന്ന് ബൈബിൾ പഠിപ്പിക്കുന്നില്ല. കർത്താവും നിക്കോദിമോസുമായുള്ള സംഭാഷണത്തിൽ നിന്ന് കുറെ മാത്രം അടർത്തിയെടുത്ത് ദൈവരാജ്യത്തിൽ പ്രവേശിക്കണമെങ്കിൽ മുതിർന്നസ്നാനം സ്വീകിക്കണമെന്ന് പെന്തക്കോസ്തുകാർ തെറ്റിദ്ധരിപ്പിക്കുന്നു (യോഹ: 3:5). എന്നാൽ യേശു ഇങ്ങനെയൊരു വ്യാഖ്യാനം നൽകിയതായി യാതൊരടിസ്ഥാനവും ഇല്ല. സ്നാനത്താലാണ് മനുഷ്യൻ ദൈവരാജ്യത്തിന് അവകാശിയായിത്തീരുന്നതെങ്കിൽ വേദപുസ്തം തിരുത്തിയെഴുതേിവരും. കാരണം ബൈബിളിലെ പല മഹത്വ്യക്തികളും, കൂടാതെ ക്രിസ്തുവിന്റെ കരുണയ്ക്ക് പാത്രീഭൂതരായവരും സ്നാനമേറ്റവരല്ല. ദൈവത്തോടുകൂടി നടന്ന ഹാനോക്ക്, ഏലിയാവ്, ഏലിശാ, നോഹ, അബ്രഹാം, ഗോത്രപിതാക്കന്മാർ, യാക്കോബ്, യിസ്സഹാക്ക്, ശലോമോൻ, ശമുവേൽ പ്രവാചകൻ, സഖായി, രക്ഷപ്പെട്ട കള്ളൻ, പാപിനിയായ സ്ത്രീ തുടങ്ങിയരും ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ലേ?. ഇവരാരും സ്നാനമേറ്റവരല്ലല്ലോ.

രക്ഷിക്കപ്പെടുന്നതിന് സ്നാനം ആവശ്യമില്ല എന്ന് ബൈബിൾ വ്യക്തമാക്കുന്നു. രക്ഷിക്കപ്പെടുന്നതിന് സ്നാനം വേണമെന്ന് പഠിപ്പിക്കുന്നത് ദൈവവചന വിരുദ്ധമാണ്. നാം രക്ഷിക്കപ്പെടുന്നത് ദൈകൃപയാലാണ് (എഫേ. 2:89). കൂടാതെ യേശുക്രിസ്തുവിലുള്ള വിശ്വാസം മൂലമാണ് ആ വിലയേറിയ രക്ഷ നമുക്ക് ലഭ്യമാകുന്നത് (ഗലാ. 3:26, യോഹ 1:12, എഫേ. 2:5, റോമ. 5:1-12). ചുങ്കക്കാരൻ സഖായിയും കുടുംബവും രക്ഷിക്കപ്പെട്ടു. എന്നാലവർ സ്നാനപ്പെട്ടില്ല (ലൂക്കോ. 19: 1-10). വലത്തു ഭാഗത്തെ കള്ളനും (ലൂക്കോ 23:43), പാപിനിയായ സ്ത്രീയും രക്ഷിക്കപ്പെട്ടു (ലൂക്കോ. 7:50), എന്നാൽ ഇവരാരും സ്നാനപ്പെട്ടവരല്ല. സ്നാനം മൂലമാണ് രക്ഷ എന്ന് വിധിയെഴുതുവാൻ പെന്തക്കോസ്തുകാരെ ആര് ചുമതലപ്പെടുത്തി?. സ്നാനത്തിന്റെ പേരുപറഞ്ഞ് തങ്ങളുടെ മക്കളെ ദൈവരാജ്യത്തിന് പുറത്തു നിർത്തുന്നവരെപ്പറ്റി യേശു അരുളിച്ചെയ്യുന്നു. കപട നാട്യക്കാരായ ശാസ്ത്രിമാരും പരീശന്മാരുമേ നിങ്ങൾക്ക് ഹാകഷ്ടം. നിങ്ങൾ മനുഷ്യർക്ക് സ്വർഗ്ഗരാജ്യം അടച്ചുകളയുന്നു. (മത്താ 23:13).

പഴയനിയമത്തിൽ യിസ്രായേല്യർ ചെങ്കടൽ കടന്നത് ശിശുസ്നാനത്തിന്റെ മുൻകുറിയെന്ന് പൗലോസ് അപ്പോസ്ത



**ഫാ. യൂഹാനോൻ**

ലൻ വ്യക്തമാക്കിയിരിക്കുന്നു. (1 കൊരി. 10:1). ചെങ്കടൽ കടന്നവരുടെ കൂട്ടത്തിൽ കുഞ്ഞുങ്ങളും ഉായിരുന്നുവെന്ന് നിഷേധിക്കുവാൻ പറ്റില്ലല്ലോ (പുറ. 14:29). അങ്ങനെയെങ്കിൽ ശിശുക്കളും സ്നാനമേറ്റിരുന്നു എന്നത് വ്യക്തമാണ്.

പഴയനിയമത്തിന്റെ പരിഛേദന ശിശുസ്നാനത്തിന്റെ നിഴലായിരുന്നു. ക്രൈസ്തവ സഭയുടെ പ്രാരംഭം മുതൽ തന്നെ ശിശുസ്നാനത്തെ പരിഛേദനയുടെ നിഴലായി പരിഗണിച്ചുപോന്നിരുന്നു ഉല്പ. 17:12, 21:4, റോമ. 2:25, 4:1, ഗലേ. 3:6, എഫേ. 2:1) അബ്രഹാമിന്റെ പിൻഗാമികളാണ്



ആദ്യത്തെ ഉടമ്പടി സമൂഹം അഥവാ പഴയനിയമസഭ. ഈ സഭയിലേക്ക് പ്രവേശനം നൽകിയിരുന്നത് പരിച്ഛേദന വഴിയായിരുന്നു (ഉല്പ. 17:9-14, 21:4). ഇതേ യഹൂദജാതി ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തപ്പോൾ പുതിയനിയമ ഉടമ്പടി സമൂഹത്തിലെ അംഗത്വം ലഭിക്കുവാൻ അബ്രാഹാം ചെയ്തതുപോലെ എട്ടാം നാളിൽത്തന്നെ കുഞ്ഞുങ്ങളെ സ്നാനപ്പെടുത്തി സഭയോടു ചേർത്തു (അപ്പോ.പ്ര. 15:1-29). പരിച്ഛേദന ഉടമ്പടിയിലേക്കുള്ള പ്രവേശനവും ശിശുസ്നാനം ക്രിസ്തുവിന്റെ ശരീരമായ സഭയിലേക്കുള്ള പ്രവേശനവുമാണ്.

ശിശുസ്നാനം നൽകുന്നതിന് സ്നാനമേൽക്കുന്ന കുഞ്ഞിന്റെ വിശ്വാസമോ, അറിവോ, സമ്മതമോ വേ. കുഞ്ഞുങ്ങളുടെ അറിവോ ബുദ്ധിശക്തിയോ വിശ്വാസമോ നോക്കിയല്ല ദൈവം പ്രവർത്തിക്കുന്നതെന്ന് ബൈബിൾ വ്യക്തമാക്കുന്നു. വേദപുസ്തകത്തിൽ നിന്ന് ചില ഉദാഹരണങ്ങൾ നോക്കാം. "കൊള്ളയായി പോകുമെന്ന് നിങ്ങൾ പറഞ്ഞ നിങ്ങളുടെ കഞ്ഞുകുട്ടികളും ഗുണദോഷങ്ങളെ തിരിച്ചറിയാത്ത നിങ്ങളുടെ മക്കളും അവിടെ ചെല്ലും" (ആവ. 1:39). ഇവിടെ കനാൻദേശം കൈവശമാക്കി അനുഭവിക്കുന്നതിന് കുഞ്ഞുങ്ങൾക്ക് യാതൊരു വ്യവസ്ഥയും വച്ചിട്ടില്ല. ന്യായപ്രമാണ പുസ്തകത്തിൽ നിന്ന് മോശ ജനങ്ങളെ വായിച്ചു കേൾപ്പിക്കുമ്പോൾ അതു കേൾക്കുവാനായി വന്നുകൂടിയ യിസ്രായേൽ മക്കൾ കുട്ടികളെയും കൂടി കൊുവന്നിരുന്നതായി യോശുവ 8:34-35-ൽ പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നു. ന്യായപ്രമാണം വായിച്ചു കേട്ട് മനസ്സിലാക്കാനും വിശ്വസിക്കാനുമുള്ള കഴിവ് ആ കുഞ്ഞുങ്ങൾക്കില്ലായിരുന്നല്ലോ. എന്നാൽ കുഞ്ഞുങ്ങളുടെ കഴിവിനോ വിശ്വാസത്തിനോ ഇവിടെ പ്രസക്തിയില്ല.

യഹോവയോടുള്ള ഉടമ്പടിയിൽ പ്രവേശിക്കുവാൻ കുഞ്ഞുങ്ങളെയും കൊുവരണമെന്ന് ദൈവം കൽപ്പിക്കുന്നു ആവ. 29:10-11). യഹോവയോടുള്ള ഉടമ്പടിയിൽ പ്രവേശിക്കുവാനുള്ള അറിവോ കഴിവോ കുഞ്ഞുങ്ങൾക്കില്ല. അതുകൊവരെ മാറ്റി നിർത്തിയില്ലല്ലോ.

യിസ്രായേൽ ജനം തങ്ങളുടെ തെറ്റുകളെപ്പറ്റി അനുതപിക്കുകയും ഉപവാസം അനുഷ്ഠിക്കുകയും ചെയ്യുമ്പോൾ അതിൽ പൈതങ്ങളെയും മുലകുടിക്കുന്നവരെയും ഉൾപ്പെടുത്താൻ ദൈവം കൽപ്പിച്ചു (യോവേ. 2: 12-20). മുലകുടിക്കുന്ന കുഞ്ഞുങ്ങൾക്ക് ഉപവാസത്തിന്റെ പ്രാധാന്യത്തെപ്പറ്റി അറിയാമോ?.

മോവാബ്യരും അമ്മോന്യരും മറ്റും യെഹോശാഫാത്തിന്റെ നേരെ യുദ്ധത്തിന് വന്നപ്പോൾ ദൈവപദ്ധതി എന്തെന്നറിയുവാൻ യെഹൂദ്യർ ദൈവസന്നിധിയിൽ ചെന്ന് നിന്നപ്പോൾ തങ്ങളുടെ കുഞ്ഞുങ്ങളെയും കൊുപോയി (2 ദിന. 20:12-13). യുദ്ധത്തിന്റെ ഭവിഷ്യത്തുകളെപ്പറ്റി യാതൊരറിവും ഇല്ലാത്തവരാണ് കുഞ്ഞുങ്ങൾ. എന്നാൽ ദൈവാനുഗ്രഹത്തിന് കുഞ്ഞുങ്ങളുടെ അറിവ് ഒരു മുഖാന്തരമല്ല.

യേശുവിന്റെയടുക്കൽ തന്റെ അനുഗ്രഹം ലഭിക്കേതിന് മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ കൊുവന്നു (മത്താ. 19:13). യേശു അനുഗ്രഹിച്ചാലുള്ള നന്മയെപ്പറ്റി യാതൊരറിവും ഇല്ലാത്തവരായിരുന്നുവല്ലോ ആ കുഞ്ഞുങ്ങൾ.

പരിശുദ്ധാത്മ നിറവിന് പ്രായപരിധിയില്ല. പ്രായപരിധി കൽപ്പിക്കുന്നത് പരിശുദ്ധാത്മാവിനെതിരായ പാപമാണ്. ദൈവം അരുളിച്ചെയ്യുന്നു. അവസാനനാളിൽ എല്ലാ മനുഷ്യരുടെയും മേൽ ആത്മാവിനെ പകരും (അപ്പോ.പ്ര. 2:17). പരിശുദ്ധാത്മ പ്രവർത്തനത്തിന് പ്രായപരിധിയും പരിമിതികളും കൽപ്പിക്കുന്നവർ ഈ വാക്യം ധ്യാനിക്കുക. പരിശുദ്ധാത്മാവിന്റെ നേരെ ദൂഷണം പറയുന്നവനോ ഒരുനാളും ക്ഷമകിട്ടാതെ നിത്യശിക്ഷയ്ക്ക് യോഗ്യനാകും (മർക്കോ. 3:29). മറിയയുടെ അഭിവാദനം കേട്ടപ്പോൾ എലിസബെത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചുചാടി (ലൂക്കോ. 1:41-44).

യേശുവിന്റെ സ്നാനം പെന്തക്കോസ്തുകാരുടെ മുതിർന്ന സ്നാനത്തിന് മാതൃക കാണിക്കുവാനല്ലായിരുന്നു. തച്ചനായ ജോസഫിന്റെ മകനെന്ന് അറിയപ്പെട്ടിരുന്ന യേശു ദൈവപുത്രനാണെന്നും, ലോകത്തിന്റെ പാപത്തെ ചുമക്കുന്ന കുഞ്ഞാടാണെന്നും യിസ്രായേലിന് വെളിപ്പെടുത്തുവാൻ ദൈവം ഒരുക്കിയ സന്ദർഭമായിരുന്നു അത്. ഇക്കാര്യം തന്നെ സ്നാനപ്പെടുത്തിയ യോഹന്നാൻ സാക്ഷിക്കുന്നു് യോഹ. 1:31-33). കൂടാതെ അതൊരു പ്രവചന നിവർത്തിയുമായിരുന്നു. ദൈവപദ്ധതി പ്രകാരം തന്റെ അഭിഷിക്തർക്ക് ശുശ്രൂഷ ചെയ്യുവാൻ തുടങ്ങുമ്പോൾ മുപ്പതു വയസ് ഉായിരിക്കമെന്നത് നിർബന്ധമായിരുന്നു. ഈ പ്രവചനമാണ് ക്രിസ്തുവിൽ നിറവേറിയത് (സംഖ്യ. 4:2-3). അതല്ല യേശുവിന്റെ മാതൃകയാണ് അനുസരിക്കുന്നതെങ്കിൽ 30-ാം വയസ്സിലാണ് സ്നാനം സ്വീകരിക്കേത്. 15-ഉം, 6-ഉം, 17-ഉം ആയി അവരവർക്ക് തോന്നുന്നതുപോലെ നിജപ്പെടുത്താൻ പെന്തകോസ്തുകാരെ ആരു ചുമതലപ്പെടുത്തി?. അക്ഷരാർത്ഥത്തിൽ യേശുവിനെ അനുകരിക്കണമെങ്കിൽ കാലിത്തൊഴുത്തിൽ ജനിക്കണം. 8-ാം ദിവസം പരിച്ഛേദന ഏൽക്കണം, കൈക്കുഞ്ഞിനെയും കൊ് ഈജിപ്തിലേക്ക് ഒളിച്ചോടണം, യേശുവിനെപ്പോലെ വിവാഹം കഴിക്കരുത്, കരം ചോദിക്കുമ്പോൾ ചൂയിട്ട് മീനിന്റെ വായിൽ നിന്നെടുത്ത് കൊടുക്കണം. കഴുതപ്പുറത്ത് പള്ളിയിൽ പോകണം.

കുടുംബമായി സ്നാനമേറ്റവരുടെ കൂട്ടത്തിൽ തങ്ങളുടെ കുഞ്ഞുങ്ങളും സ്നാനമേറ്റിരുന്നു (അപ്പോ.പ്ര. 16:33, 16:15, 10:44-48; 1 കൊരി. 1:16; അപ്പോ.പ്ര. 18:8). ഇവിടെ കുഞ്ഞുങ്ങൾ എന്നെടുത്ത് പറഞ്ഞിട്ടില്ലാത്തതിനാൽ ആ കുടുംബത്തിൽ കുട്ടികളില്ല എന്നതാണ് പെന്തക്കോസ്തുകാരുടെ നിഗമനം. സാധാരണ നമ്മൾ സംസാരിക്കുമ്പോൾ എന്റെ കുടുംബം എന്ന് പറയുന്നതിൽ ഞാനും ഭാര്യയും മക്കളും കൊച്ചുമക്കളും എന്നിങ്ങനെ എപ്പോഴും പറയാറില്ല. പറയാത്തതുകൊ് കുഞ്ഞുങ്ങളില്ലാത്ത കുടുംബമാണെന്ന് കേൾക്കുന്നവർ ചിന്തിക്കുമോ? ഇതുതന്നെയാണ് ഇവിടെയും സംഭവിച്ചത്. കുടുംബമായി സ്നാനമേറ്റു എന്ന് പറയുമ്പോൾ മുത്തച്ഛൻ, മുത്തശ്ശി, ഭാര്യ, ഭർത്താവ്, മക്കൾ എന്നിങ്ങനെ പറയേ കാര്യമില്ല. ഒരു യെഹൂദന് കുടുംബം എന്ന് പറഞ്ഞാൽ തങ്ങളുടെ മക്കളും ഉൾപ്പെടുന്നതാണ്. ഒരു യഹൂദൻ തന്റെ കുഞ്ഞുങ്ങളെ കൂടാതെ സന്തോഷിക്കുകയോ ദുഃഖിക്കുകയോ ദൈവാരാധനയിൽ പങ്കെടുക്കുകയോ ചെയ്യുന്ന പതിവില്ലായിരുന്നു. ഉല്പ. 17:10-13; യോശു. 8:34-35; ആവർ. 29:10-11; യോവേൽ. 2: 12-20; 2 ദിന. 20:12-13; മത്താ. 19:13-35; ആവർ. 29: 10-11; യോവേൽ. 2: 12-20; 2 ദിന. 20: 12-13, മത്താ. 19:13 എന്നീ വേദഭാഗങ്ങൾ വായിക്കുക. അനേകം ആളുകൾ കുടുംബമായി സ്നാനമേറ്റപ്പോൾ പ്രായപൂർത്തിയാകാഞ്ഞതുകൊോ, മറ്റേതെങ്കിലും കാരണം കൊോ സ്നാനം മാറ്റിവച്ചതായും പ്രായപൂർത്തിയായ ശേഷം അവർക്ക് സ്നാനം നൽകിയതായും ഒരു തെളിവും ബൈബിളിൽ ഇല്ല.

ആദിമസഭയിൽ ശിശുസ്നാനമേറ്റ കുഞ്ഞുങ്ങൾ ഉായിരുന്നു എന്നതിന് തെളിവാണ് പൗലോസിന്റെ സംബോധനകൾ. മക്കളേ നിങ്ങളുടെ മാതാപിതാക്കളെ അനുസരിപ്പിൻ (എഫേ. 6:1). കൊലോ. 3:18-22; യോഹ. 2: 12-13 എന്നീ വേദഭാഗങ്ങൾ ശ്രദ്ധിക്കുക. ഇവിടെയെല്ലാം ഉപയോഗിച്ചിരിക്കുന്ന വാക്ക് കുഞ്ഞുങ്ങൾ എന്നാണ്.

തലതൊട്ടപ്പന്റെ ഏറ്റുപറച്ചിലും വിശ്വാസവും ദൈവം സ്വീകരിക്കും. മറ്റുള്ളവരുടെ വിശ്വാസംമൂലം അനുഗ്രഹങ്ങൾ ലഭിച്ചിട്ടുള്ള ധാരാളം വ്യക്തികളെ ബൈബിളിൽ കാണാം. ശതാധിപന്റെ വിശ്വാസ ഏറ്റുപറച്ചിൽ മൂലം തന്റെ ഭൃത്യനെ യേശു സുഖപ്പെടുത്തി (മത്താ. 8:5-13). തളർവാതരോഗിയെ സൗഖ്യമാക്കിയത് ചുമന്നുകൊുവന്നവരുടെ വിശ്വാസം മൂലമാണ് കൊച്ചുമക്കൾക്ക് സൗഖ്യം ലഭിച്ചത് (മർക്കോ. 5:22-24). മകനുവേി പിതാവ് വിശ്വാസം ഏറ്റുപറയുന്നു (മർക്കോ. 9:19-27). ശിശുക്കളെ സ്നാനപ്പെടുത്തുമ്പോൾ തലതൊട്ടപ്പന്റെ സ്ഥാനവും പ്രാധാന്യവും മനസ്സിലാക്കുന്നതിന് സഭയുടെ ആരംഭകാലത്തും അതിന് മുമ്പുള്ള യെഹൂദ പശ്ചാത്തലത്തിൽ നിന്നും യെഹൂദ ക്രിസ്ത്യാനികളിലൂടെ ക്രിസ്തുമതത്തിലേക്ക് സ്വീകരിക്കപ്പെട്ട ഒരു കൂദാശയാണല്ലോ. തലതൊട്ടപ്പന്റെ സ്ഥാനവും ഈ പശ്ചാത്തലത്തിലാണ് മനസ്സിലാക്കേത്. മതവിശ്വാസങ്ങളും മുൻചരിത്ര വസ്തുതകളും തങ്ങളുടെ മക്കളെ പറഞ്ഞ് പഠിപ്പിക്കണമെന്നത് യെഹൂദന്മാരുടെ നിയമമായിരുന്നു. ഉദാ: മൃഗങ്ങളുടെ കടിഞ്ഞൂലിനെ യാഗം കഴിക്കുന്നത് എന്തിനാണെന്നും അതിന്റെ അർത്ഥമെന്താണെന്നു മക്കൾ ചോദിച്ചാൽ മിസ്രയീമിൽ നടന്ന കടിഞ്ഞൂൽ സംഹാരത്തെപ്പറ്റിയും അതിനെ തുടർന്നുള്ള യിസ്രായേലിന്റെ വിടുതലിനെപ്പറ്റിയും അവരോട് പറഞ്ഞ് മനസിലാക്കണമെന്ന് ദൈവകൽപ്പന ഉായിരുന്നു (പറ. 13:14). ജനം യോർദ്ദാൻ കടന്ന് കഴിഞ്ഞപ്പോൾ ദൈവത്തിന്റെ കൽപ്പനപ്രകാരം ഇസ്രയേൽ ഗോത്രങ്ങളുടെ എണ്ണമനുസരിച്ച് 12 കല്ലുകൾ എടുത്തുനാട്ടി. ഇതെന്തെന്ന് വരും തലമുറ ചോദിച്ചാൽ വാഗ്ദാനപേടകം കൊ് നദി കടന്നപ്പോൾ ദൈവത്താൽ വിഭജിക്കപ്പെട്ട ജോർദ്ദാന്റെ ചരിത്രം പറയണമെന്ന് ദൈവം കൽപ്പിക്കുകയും ചെയ്തു (യോശു. 4: 1-8). യെഹൂദ പാരമ്പര്യത്തിൽ ദൈവത്തെപ്പറ്റി കൊച്ചുമക്കളോട് പറയുകയും പഠിപ്പിക്കുകയും ചെയ്തു വന്നിരുന്നത് മുത്തച്ഛനായിരുന്നു. ആ പാരമ്പര്യത്തിൽ ജനിച്ചുവളർന്ന യെഹൂദന്മാർ ക്രിസ്തീയ വിശ്വാസത്തിലേക്ക് വന്നപ്പോഴും ആ അധികാരം നിലനിർത്തി. അവരുടെ ശിശുക്കളെ സ്നാനപ്പെടുത്തിയപ്പോൾ അവരെ കർത്താവിന്റെ ഉപദേശങ്ങൾ പഠിപ്പിച്ചുകൊള്ളാമെന്ന് മുത്തച്ഛൻ ഉറപ്പ് നൽകിയിരുന്നു. അതനുസരിച്ച് കുട്ടികളെ സ്നാനപ്പെടുത്തുമ്പോൾ ഗോഡ് ഫാദർ സ്ഥാനം വഹിച്ചുവന്നു. ആ പാരമ്പര്യം ഇന്നും തുടരുന്നു.

ആദിമക്രിസ്ത്യാനികൾ തങ്ങളുടെ കുഞ്ഞുങ്ങളെ സഭയിൽ പ്രവേശിപ്പിച്ചത് സ്നാനം വഴിയാണ് (കൊലോ. 2: 11-12). ഇവിടെ സ്നാനത്തെ കൈകൊല്ലാത്ത പരിച്ഛേദന എന്നാണ് പൗലോസ് വിളിക്കുന്നത്.

യേശു ശിശുസ്നാനത്തിന് എതിരല്ല എന്ന് ബൈബിൾ തെളിയിക്കുന്നു. ശിശുക്കളെ അടുത്തു വരാനനുവദിച്ച് അവരെ അനുഗ്രഹിച്ച് അവരെപ്പോലെയുള്ളവർക്കാണ് ദൈവരാജ്യം എന്ന് പഠിപ്പിച്ച യേശു (മത്താ. 19: 13-15; മർക്കോ. 10: 13-16; ലൂക്കോ. 18:15-17), ശിശുവിനെ ശിഷ്യരുടെ മദ്ധ്യേ നിർത്തിക്കൊ് ശിശുക്കളെപ്പോലെയാകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല എന്നരുളിചെയ്ത് ശിശുക്കളെ മറ്റുള്ളവർക്ക് മാതൃകയാക്കിയ യേശു ശിശുക്കൾക്ക് സ്നാനം നൽകുന്നത് നിഷേധിക്കുമെന്ന് ബൈബിളിൽ ഒരിടത്തുമില്ല.

സ്നാനത്തിന് ഏതെങ്കിലും ജലമല്ല ശുദ്ധജലമാണ് വേത് (എബ്രാ. 10:22). മറിച്ച് കലക്കവെള്ളമോ, മലിനജലമോ, മനുഷ്യർ മൃഗങ്ങളെ കഴുകിവിടുന്ന ആറ്റിലേയോ തോട്ടിലേയോ അണുബാധയുള്ള വെള്ളമല്ല വേത്. ഈ വാക്യമനുസരിച്ചാണ് ഓർത്തഡോക്സുകാർ ശുദ്ധജലം ഉപയോഗിക്കുന്നത്. അശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന് വിട്ടുകൊടുക്കുന്നതിന്റെ അടയാളമായി മുങ്ങുമ്പോൾ ഏത് വെള്ളവും മതിയാകും. കാരണം ദുഷ്ട മനസ്സോടെയാണ് സഭ വിട്ടു പോകുന്നത്. എന്തുകൊാണ് ഓർത്തഡോക്സ് സഭ സ്നാനത്തിന് മാമോദീസാ തൊട്ടിയിൽ പച്ചവെള്ളവും ചൂടുവെള്ളവും അതിൽ മൂറോനും ഒഴിക്കുന്നതെന്ന് പെന്തക്കോസ്തുകാർ മനസ്സിലാക്കണം. മാമോദീസാത്തൊട്ടി: യോർദ്ദാൻ നദിയെ സൂചിപ്പിക്കുന്നു. യോർദ്ദാൻ നദിയുടെ തെക്കുള്ള ത്രിവേണിസംഗമസ്ഥാനത്തുവച്ചാണ് നമ്മുടെകർത്താവിന്റെ മാമോദീസാ നടന്നത്. യോർദ്ദാൻ, യാർമ്മോക്ക്, യാബൂക്ക് എന്നീ പോഷക നദികളുടെ സംഗമസ്ഥാനമായിരുന്നു അത്. ഹെർമ്മോൻ മലയിൽ നിന്ന് വരുന്ന യോർദ്ദാനിൽ മഞ്ഞുവെള്ളമായിരുന്നു. ദാൻ മരുഭൂമിയിൽ കൂടി ഒഴുകുന്ന യാർമ്മോക്ക് നദിയിൽ ചൂടുവെള്ളവും ഗിയാദ് താഴ്വരയിൽ കൂടി ഒഴുകുന്ന യാബൂക്ക് നദിയിൽ സുഗന്ധ ഇല വീണ് കലങ്ങിയ വെള്ളവുമായിരുന്നു. ഇതിനെ ദൃഷ്ടാന്തീകരിക്കുന്ന വിധത്തിലാണ് പച്ചവെള്ളം, ചൂടുവെള്ളം, മൂറോൻ തൈലം എന്നിവ ഒഴിക്കുന്നത്.

ശിശുസ്നാനമേറ്റവരെ അത് തെറ്റന്ന് ധരിപ്പിച്ച് വീും വീും സ്നാനപ്പെടുത്തുന്നത് വേദവിപരീതവും അതോടൊപ്പം ചികിത്സ വേതുമായ ഒരു മാനസികരോഗവുമാണ്. തിരുവചനത്തിൽ സ്നാനം ഒന്നു മാത്രമേയുള്ളു എന്നും (എഫേ. 4:5), ഒരിക്കൽ സ്നാനമേറ്റാൽ പിന്നെയും ആ അടിസ്ഥാനം ഇടരുത് എന്നും (എബ്രാ. 6:7) വ്യക്തമാണ്. ഈ വചനത്തിന് വിരുദ്ധമായല്ലേ ദുരുപദേശ സംഘടനകൾ ചെയ്യുന്നത്. സ്നാനം ഒരു കുളിയല്ല. വെള്ളത്തിന്റെ ധാരാളിത്തത്തിനാണ് പ്രാധാന്യമെങ്കിൽ കടലിലോ, കായലിലോ മുങ്ങരുതോ?.

ആദ്യം സ്നാനം നടത്തിയിട്ടാണ് പിന്നീട് കുഞ്ഞുങ്ങളെ ഉപദേശത്തിൽ വളർത്തേത് (മത്താ. 28:19). മർക്കോ 16: 16ൽ പറഞ്ഞിരിക്കുന്ന സ്നാനം വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടുമെന്നേ പയുന്നുള്ളു. സ്നാനമേൽക്കാത്തവൻ ശിക്ഷാവിധിയിലകപ്പെടും എന്ന വ്യാഖ്യാനം പെന്തക്കോസ്തുകാരുടേതാണ്. അങ്ങനെയെങ്കിൽ പെന്തക്കോസ്ത് സഭയിലുള്ള സ്നാനമേൽക്കാത്തവരെല്ലാം പുറ

## പരുമല തിരുമേനിയുടെ വചന സൂക്തം

**പ്രാർത്ഥന**

"പ്രാർത്ഥന എന്നത് ശൈശവത്തിലെ ഉത്സാഹവും യൗവനത്തിലെ ആശ്രയവും വാർധക്യത്തിലെ സമാധാനവുമാകുന്നു." (ഭക്തവചനം) - പ്രസംഗം

**ഭക്തിയോടുള്ള പ്രാർത്ഥന**

"ഹൃദയം നിറഞ്ഞ ഭക്തിയോടെ ചെയ്യുന്ന പ്രാർത്ഥന ദൈവം കൈക്കൊൾകയും ഒരു അനുഗ്രഹരൂപമായി അതു നമുക്കു തിരിയെ ലഭിക്കുകയും ചെയ്യു." (ഭക്തവചനം) - പ്രസംഗം

**കള്ളസാക്ഷി**

"വ്യാജമായി സാക്ഷി പറയുന്നത് ആത്മനാശവും കുടുംബനാശവും എന്നു മാത്രമല്ല സജനങ്ങളുടെയിടയിൽ വല്യ ആക്ഷേപത്തിനു കാരണവും ആയിത്തീരുന്നതാകയാൽ ഒരിക്കലും അങ്ങനെ ചെയ്തുപോകരുത്."

ജാതികളും ശിക്ഷാവിധി കാത്തു കഴിയുന്നവരുമാണോ?. മന്ദബുദ്ധിയായ ഒരാൾ ഉണ്ടെങ്കിൽ അവനെങ്ങനെ വിശ്വസിക്കും?. സ്നാനമേൽക്കും? സ്നാനമേൽക്കാത്തതിനാൽ അവൻ നരകത്തിലകപ്പെടുമോ?

സ്നാനമേൽക്കുന്നവർക്ക് വി.മൂറോനഭിഷേകത്തിലൂടെ മാത്രമേ പരിശുദ്ധാത്മാവ് ലഭിക്കുന്നുള്ളൂ (അപ്പോ.പ്ര. 8:14 - 17; 19:1 - 6). അപ്പോസ്തോലികകാലം മുതൽ പരിശുദ്ധാത്മ ദാനത്തിന് തൈലം ഉപയോഗിച്ചിരുന്നു (1 യോഹ. 2:20; 2 കൊരി. 1:20 - 22; എഫേ. 4:30).

പെന്തക്കോസ്ത് നാളിൽ പത്രോസ് സ്നാനപ്പെടുത്തിയ 3000 പേരിൽ ശിശുക്കളും ഉണ്ടായിരുന്നു എന്നത് സാമാന്യ ജ്ഞാനം ഉള്ളവർക്കുപോലും മനസ്സിലാകും (അപ്പോ.പ്ര. 2:39 - 41). കാരണം മൂവായിരത്തോളം ആളുകൾ പ്രായപൂർത്തിയായവരല്ലായിരിക്കുമല്ലോ.

ഓർത്തഡോക്സ് വിശ്വാസികളുടെ കുഞ്ഞുങ്ങൾ ജന്മനാ വിശുദ്ധരാകയാൽ പുറജാതികളെപ്പോലെ സ്നാനം താമസിക്കേണ്ട കാര്യമില്ല (1 കൊരി 7:14). ക്രിസ്ത്യാനികളുടെ കുഞ്ഞുങ്ങൾ വിശുദ്ധരാണ്. പ്രായമായിട്ട് പോളിയോ കൊടുക്കുന്നതിനേക്കാൾ നല്ലത് ചെറുപ്പത്തിലേ നൽകുന്നതല്ലേ. തങ്ങളുടെ കുഞ്ഞുങ്ങൾ വിശുദ്ധരല്ലെന്ന ചിന്തയുള്ളവർ സ്നാനം താമസിച്ച് നൽകും.

കുഞ്ഞുങ്ങൾക്ക് ചെറുപ്പത്തിലേ പരിശുദ്ധാത്മാവിനാൽ നിറയുവാൻ കഴിയും. ഇത് ശിശുസ്നാനത്തിലൂടെ ലഭിക്കുന്നു. യിരമ്യാവ്, യെശയ്യാവ് എന്നീ പ്രവാചകന്മാർ തങ്ങൾ മാതാവിന്റെ ഉദരത്തിൽവച്ചുതന്നെ പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരാണെന്ന് സാക്ഷിക്കുന്നു (യിര. 1:5ഛ യെശ.49:1). കൂടാതെ യോഹന്നാൻ സ്നാപകൻ, യേശു എന്നിവർ ചെറുപ്പം മുതലേ പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരായിരുന്നു (ലൂക്കോ. 1:15,44; 1:8). ശിശുക്കൾ ദൈവരാജ്യത്തിന്റെ പ്രജകളാണ്. ഓർത്തഡോക്സ് സഭ ശിശുക്കളെ വിശ്വാസികളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പെന്തക്കോസ്തുകാർ തങ്ങളുടെ കുഞ്ഞുങ്ങളെ സ്നാനമേൽക്കുന്നിടം വരെ ഏതു ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു? വിശ്വാസിയോ? അവിശ്വാസിയോ?.

ശിശുസ്നാനം വഴി ക്രിസ്തുവിനോട് സഭാമക്കൾ ഒന്നിക്കപ്പെടുന്നതിനാൽ വീണ്ടും ഒന്നിക്കേണ്ട ആവശ്യമില്ല. സ്നാനം ഒരിക്കൽ മാത്രമേയുള്ളൂ എന്ന് മുമ്പ് പ്രസ്താവിച്ചുവല്ലോ (എബ്രാ 6:1; എഫേ. 4:5). ആ സ്നാനത്തിലൂടെ നാം ക്രിസ്തുവിന്റെ ശരീരാവയവങ്ങളായി ഒന്നിക്കപ്പെട്ടിരിക്കുന്നു. അതിനാൽ വീണ്ടും വീണ്ടും മുങ്ങി ഒന്നിക്കേണ്ട കാര്യമില്ല (റോമ. 6:3; 1 കൊരി. 12:13; 1 കൊരി. 12:27)..

സ്നാനത്തിന്റെ വിധം മുങ്ങൽ ആണെന്ന് വേദപുസ്തകത്തിൽ ഒരിടത്തും പറഞ്ഞിട്ടില്ല. വി.ബൈബിളിൽ പറഞ്ഞിരിക്കുന്ന മുതിർന്ന സ്നാനക്കാരാരും മുങ്ങിയതായോ അവരെ മുക്കിയതായോ ഒരു തെളിവുമില്ല. യേശു മുങ്ങിയെന്നോ, യേശുവിനെ മുക്കിയെന്നോ എവിടെ പറഞ്ഞിരിക്കുന്നു. അതുപോലെ സ്നാനമേറ്റ 3000 പേർ, കാരാഗ്രഹപ്രമാണി, ഷണ്ഡൻ, ശൗൽ ഇവരാരും വെള്ളത്തിൽ മുങ്ങിയതായോ അവരെ മുക്കിയതായോ എങ്ങുമില്ല. വെള്ളത്തിൽ നിന്ന് കയറി എന്ന് പറഞ്ഞാൽ ആറോ, കുളമോ ആണെന്നർത്ഥമില്ല. ഒരിടിവെള്ളമാണെങ്കിലും വെള്ളത്തിൽ നിന്ന് കയറി എന്ന് പറയാം. പിന്നെങ്ങനെയാണ് പെന്തക്കോസ്തുകാർക്ക് പറയുവാൻ സാധിക്കുക മുങ്ങിയാൽ മാത്രമേ സ്നാനമാകുമെന്ന്?. വി.ബൈബിൾ പഠിച്ചാൽ സ്നാനത്തിന് അമിതപ്രാധാന്യം നൽകുന്നില്ല. സ്നാനത്തിന് ഇത്രമാത്രം പ്രാധാന്യമുമായിരുന്നെങ്കിൽ അതു സംബന്ധമായ നിർദ്ദേശങ്ങൾ ബൈബിളിൽ കാണുമായിരുന്നു. സുവിശേഷം കേട്ട് വിശ്വസിച്ചവർക്ക് സ്നാനം നൽകുന്ന സംഭവങ്ങളെ ബൈബിളിലുള്ളൂ. പുതിയനിയമത്തിലെ പകുതിയിലധികം പുസ്തകങ്ങളെഴുതിയ പൗലോസ് പോലും സ്നാനത്തെപ്പറ്റി പറയുന്നത് ശ്രദ്ധിക്കുക. സ്നാനം കഴിപ്പിപ്പാനല്ല, സുവിശേഷം അറിയിപ്പാനാണ് കർത്താവ് എന്നെ അയച്ചത് (1 കൊരി. 1:17). മാത്രമല്ല ഇങ്ങനെയുള്ള ഉപദേശങ്ങൾക്കായി സമയം ചെലവാക്കുന്നതിനെക്കാൾ തിരുവചനം പഠിക്കുന്നതാണ് നല്ലതെന്നും താൻ പറഞ്ഞിരിക്കുന്നു (എബ്രാ. 6:1 - 12).

### 2) ചരിത്രപരമായ വസ്തുതകൾ

ചരിത്രപരമായി പഠിക്കുമ്പോൾ ശിശുസ്നാനം യഹൂദമത പശ്ചാത്തലത്തിൽ നിന്നും യെഹൂദ ക്രിസ്ത്യാനികളിലൂടെ ക്രിസ്തു മതത്തിലേക്ക് സ്വീകരിക്കപ്പെട്ട ഒരു കൂദാശയാണ്. ചരിത്രപരമായി നോക്കിയാൽ ക്രിസ്തീയ സഭയുടെ ആരംഭം മുതലേ ശിശുസ്നാനം നിലവിലുണ്ടായിരുന്നു എന്ന് വ്യക്തമാണ്. യെരുശലേം സമ്മേളനത്തോടെ അപ്പോസ്തലന്മാരാൽ അംഗീകരിക്കപ്പെട്ട് സ്ഥിരപ്രതിഷ്ഠ നേടിയ ഒരു കൂദാശയാണത്. ഒന്നാം നൂറ്റാണ്ടിൽ അഥവാ ആദിമ സഭയിൽ ക്രിസ്തുമതത്തിലേക്ക് ചേർന്നവരിൽ ബഹുഭൂരിഭാഗവും യെഹൂദന്മാരായിരുന്നു. ഈ യെഹൂദ ക്രിസ്ത്യാനികൾ തങ്ങളുടെ ആൺകുട്ടികളെ യെഹൂദ പാരമ്പര്യമനുസരിച്ച് പരിച്ഛേദന കഴിപ്പിച്ചു വന്നിരുന്നു. എന്നാൽ പരിച്ഛേദന നിർത്തലാക്കി തൽസ്ഥാനത്ത് ശിശുസ്നാനം അംഗീകരിക്കപ്പെട്ടു. ഇതിന്റെ ചരിത്രപശ്ചാത്തലം ബൈബിളിൽത്തന്നെയുണ്ട്. സ്തേഫാനോസിന്റെ പ്രസംഗത്തോടെ ക്രിസ്ത്യാനികൾ യഹൂദമതത്തിന്റെ ഭാഗമല്ലെന്നും യേശുക്രിസ്തുവിന്റെ പ്രമാണങ്ങളിൽ വിശ്വസിക്കുന്ന ഒരു സ്വതന്ത്ര സമൂഹമാണെന്നും തെളിഞ്ഞു. അതിനാൽ യെഹൂദന്മാരും റോമൻ ഭരണാധിപന്മാരും പീഢനങ്ങൾ ആരംഭിച്ചു. പീഢനങ്ങൾ നിമിത്തം ക്രിസ്ത്യാനികൾ ചിതറിപ്പോയി. അവർ ചിതറിപ്പാർത്ത ദേശങ്ങളിലെല്ലാം സഭകൾ വളർന്നുകൊണ്ടിരുന്നു. ക്രമേണ യെഹൂദരല്ലാത്തവർ സഭയിൽ ചേർന്നു. ക്രിസ്തീയ സമൂഹത്തിൽ ചേർന്നവർക്ക് കുഞ്ഞുങ്ങൾ ഉണ്ടായപ്പോൾ അവരെ പരിച്ഛേദന കഴിപ്പിക്കണമെന്ന് യെഹൂദ ക്രിസ്ത്യാനികൾ വാദിച്ചു. അതിനവർ യേശുവിന്റെ മാതൃകയെടുത്ത് (എട്ടാം നാളിലെ പരിച്ഛേദന യേശു യെഹൂദനെന്ന നിലയിൽ അനുഷ്ഠിച്ച കാര്യങ്ങൾ) ന്യായീകരിച്ചു. എന്നാൽ പുറജാതി ക്രിസ്ത്യാനികൾക്ക് തങ്ങളുടെ മക്കളെ പരിച്ഛേദന ചെയ്യുന്നത് വിസമ്മതമായിരുന്നു. തർക്കം രൂക്ഷമായതോടെ യഹൂദ ക്രിസ്ത്യാനികളെന്നും പുറജാതി ക്രിസ്ത്യാനികളെന്നും സഭ രണ്ടായി പിരിയുന്ന സാഹചര്യത്തിലെത്തി. അന്ന് അപ്പോസ്തലന്മാർ ജീവിച്ച കാലഘട്ടമായിരുന്നു. ഈ വിവാദ വിഷയം അപ്പോസ്തലന്മാരുടെയും മൂപ്പന്മാരുടെയും പരിഗണനയ്ക്ക് സമർപ്പിക്കപ്പെട്ടു. ക്രിസ്തീയ സഭയുടെ ആദ്യത്തെ സുന്നഹദോസായ യെരുശലേം സുന്നഹദോസിൽ ഈ വിഷയം ചർച്ചയായി. വളരെയേറെ വാദപ്രതിവാദങ്ങൾക്കുശേഷം അദ്ധ്യക്ഷനായ യാക്കോബ് ഈ പ്രശ്നത്തിനുള്ള പരിഹാരം നിർദ്ദേശിച്ചു. അതിന്റെ ചുരുക്കം ജാതികളിൽ നിന്ന് ക്രിസ്തീയ വിശ്വാസത്തിലേക്ക് വന്നവരുടെ മക്കൾക്ക് പരിച്ഛേദന നൽകുവാൻ നിർബന്ധിക്കരുതെന്നായിരുന്നു. ക്രമേണ പരിച്ഛേദന ആവശ്യമില്ല എന്ന തീരുമാനം പൊതുവേ അംഗീകരിക്കപ്പെട്ടു. അതിന് പകരമായി സ്നാനം നൽകിത്തുടങ്ങി (അപ്പോ.പ്ര. 15:1 - 29). ഈ തുടർച്ച ഇന്നും നിലനിൽക്കുന്നു. അപ്പോസ്തലന്മാർ തങ്ങൾ സ്നാനപ്പെടുത്തിയവരുടെ കൂട്ടത്തിൽ ശിശുക്കളെയും സ്നാനപ്പെടുത്തിയിരുന്നു എന്ന് ഇനിയും വിശദീകരിക്കേണ്ട ആവശ്യമില്ലല്ലോ. ശിശുസ്നാനം അപ്പോസ്തലന്മാരിൽ നിന്ന് പ്രാപിച്ചതാണെന്ന് ഒറിഗൺ രേഖപ്പെടുത്തിയിരിക്കുന്നു. പരിച്ഛേദന നൽകി വരുന്നത് എട്ടാം നാളിലായിരുന്നതിനാൽ ശിശുക്കൾക്കും എട്ടാം നാളിൽതന്നെ സ്നാനം നൽകണമെന്ന് ശക്തമായി വാദിച്ച ആളായിരുന്നു കാർത്തേജിലെ ബിഷപ്പായിരുന്ന സിപ്രിയൻ. അന്യജാതിക്കാരുടെ മാതാപിതാക്കൾ ക്രിസ്തുമതത്തിലേക്ക് ചേർന്നപ്പോൾ തങ്ങളുടെ ശിശുക്കളെയും കൂടി സ്നാനപ്പെടുത്തിയതായി യെഹൂദന്മാരുടെ ബാബിലോണിയൻ താൻമൂദിൽ കാണാം.

### 3) പാരമ്പര്യം

ശിശുസ്നാനം പാരമ്പര്യമായി നിലനിൽക്കുന്നതാണ് എന്ന് നാം കുകഴിഞ്ഞു. പഴയനിയമ സഭയിൽ നിന്ന് പുതിയനിയമ സഭയിലേക്കും അതുവഴി യുഗാന്ത്യത്തോളവും നിലനിൽക്കേ തു മായ ഒരു കൂദാശയാണ് ശിശുസ്നാനം.

### 4) ശിശുവിന്റെ യോഗ്യത

സ്നാനത്തിന് പ്രായപരിധി നിശ്ചയിച്ചുകൊണ്ടുള്ള ഒരു നിർദ്ദേശവും ബൈബിളിൽ ഇല്ല. മാത്രമല്ല ബൈബിളിൽ സ്നാനമേറ്റവരിൽ യേശുവിന്റെ വയസ്സല്ലാതെ ആരുടെയും പ്രായത്തെപ്പറ്റി എടുത്തു പറയുന്നില്ല. മുൻപൊക്കെ പ്രസ്താവിച്ചിട്ടുള്ളതുപോലെ കുഞ്ഞുങ്ങളുടെ വിശ്വാസമോ, അറിവോ അല്ല പരിശുദ്ധാത്മാവാണ് ഒരു ശിശുവിന് സ്നാനമേൽപ്പാനുള്ള യോഗ്യത നൽകുന്നത്. വിശ്വസിച്ചിട്ടേ സ്നാനമേൽക്കാവൂ എന്ന് ശഠിക്കുന്നവരോട് ചില ചോദ്യങ്ങൾ ചോദിക്കട്ടെ?

- ❖ കുഞ്ഞുങ്ങൾക്ക് അമ്മമാർ മുലപ്പാൽ നൽകുന്നത് അത് കുടിച്ചാലുണ്ടാകാവുന്ന ഗുണത്തെപ്പറ്റിയുള്ള അവരുടെ വിശ്വാസം അറിഞ്ഞിട്ടാണോ? കുഞ്ഞുങ്ങൾക്ക് പോളിയോ മരുന്ന് നൽകുന്നത് അവരുടെ സമ്മതത്തോടെയാണോ?
- ❖ കൊച്ചുകുഞ്ഞുങ്ങൾ പ്രായമാകുന്നിടംവരെ തങ്ങളെ പപ്പാ, മമ്മീ എന്ന് വിളിക്കുന്നത് മാതാപിതാക്കൾ വിലക്കുമോ.
- ❖ കൊച്ചുകുഞ്ഞുങ്ങൾക്ക് വിദ്യാരംഭം കുറിക്കുന്നത് അവരുടെ വിശ്വാസവും സമ്മതവും നോക്കിയിട്ടാണോ.
- ❖ യേശുവിനോട് ചോദിച്ചിട്ടാണോ തന്നെ ദൈവപുത്രനായി അഭിഷേകം ചെയ്തത്.
- ❖ ദൈവകൃപയാണ് രക്ഷയ്ക്കാധാരമായിരിക്കുന്നത്. ആ കൃപ നിഷേധിക്കുവാൻ ആർക്കും അധികാരമില്ല. തന്റെ ശരീരമായ സഭയിലെ അംഗമാകുവാൻ ശിശുവിന് പൂർണ്ണമായ യോഗ്യതയു്.

### 5) പിതാക്കന്മാരുടെ പഠിപ്പിക്കലുകൾ

*വി: ജെറോം:* "ക്രിസ്തീയ മാതാപിതാക്കൾ തങ്ങളുടെ ശിശുക്കളെ മാമോദീസായ്ക്ക് കൊടുവരാതിരുന്നാൽ അത് ഗൗരവമായ പാപമാണ്".

*വി:ജോൺ ക്രിസോസ്റ്റം:* "പാപമൊന്നും ഇല്ലെങ്കിലും കൊച്ചുകുട്ടികളെയും നാം സ്നാനപ്പെടുത്തുന്നു".

*മിലാനിലെ അംബ്രോസ്:* "ശിശുക്കളെ പരിച്ഛേദനം ചെയ്യണമെന്നുള്ള പഴയ നിയമാനുഷ്ഠാനം ഉദ്ധരിച്ചുകൊ് അംബ്രോസ് ശിശുസ്നാനത്തെ ന്യായീകരിക്കുന്നു".

*വി: ഇറാനിമൂസ്:* "ക്രിസ്തു വന്നത് അവൻ മൂലം എല്ലാവരെയും രക്ഷിക്കുന്നതിനുവേിയായിരുന്നു. അതെ, പുതുതായി ജനിക്കുകയോ സ്നാനം സ്വീകരിക്കുകയോ ചെയ്തിട്ടുള്ള ശിശുക്കളെയും പൈതങ്ങളെയും ബാലകരെയും യുവാക്കളെയും വൃദ്ധരെയും തന്നേ".

### ഓർത്തഡോക്സ് സഭയും മുതിർന്ന സ്നാനവും

ഓർത്തഡോക്സ് സഭയിൽ മുതിർന്ന സ്നാനമു്. അക്രൈസ്തരായ ആളുകളെ സഭയിൽ ചേർക്കുന്നതിനും ശിശുസ്നാനം ലഭിക്കുവാൻ സാധ്യമാവാതെ പോയവർക്കും അത് നൽകുന്നു. എന്നാൽ ആറ്റിലോ കുളത്തിലോ അല്ല സഭയുടെ ഗർഭപാത്രമെന്ന് വിശേഷിപ്പിക്കുന്ന മാമോദീസാത്തൊട്ടിയിലത്രെ.

## ശിശുസ്നാനത്തിന്റെ ഫലങ്ങൾ

*രാജകീയ പൗരോഹിത്യം*

*(1 പത്രോ. 2:9)*

*സഭാമക്കൾ എന്ന പദവി*

*ദൈവമക്കൾ എന്ന സ്ഥാനം*

*(1 യോഹ. 3:1; യോഹ 3:18; ഗലാ. 3:5)*

*പുതിയ സൃഷ്ടിയാവുന്നു*

*(2 കൊരി. 5:17)*

*പാപത്തിന് മരിച്ച് ജീവന്റെ പുതുക്കത്തിൽ പ്രവേശിക്കുന്നു*



*(റോമ. 6:8; ഗലാ. 2:20; കൊലോ. 2:12; 3: 1 - 3; 1 പത്രോ. 3: 20 - 21)*

*പരിശുദ്ധാത്മ ദാനം ലഭ്യമാവുന്നു*

*(അപ്പോ.പ്ര. 2:38)*

*ക്രിസ്തുവിനോട് ഏകീഭവിക്കുന്നു*

*(ഗലാ 3:27; കൊരി. 12:13)*

*പരിശുദ്ധാത്മാവിന്റെ മുദ്ര പ്രാപിക്കുന്നു*

*(എഫേ. 1:14; 4:30; 1 കൊരി 1:22)*

*നിത്യജീവൻ ലഭിക്കുന്നു*

# മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഏഴ് തിരികൾ കൂടി

മലങ്കര ഓർത്തഡോക്സ് സഭയിൽ വീണ്ടുമൊരു മാരിവില്ല് തെളിഞ്ഞു. പ്രതീക്ഷയുടെ ഏഴ് നിറങ്ങളോടെ, പ്രത്യാശയുടെ സപ്തസ്വരങ്ങൾ ഉയർന്നു. ദർശനത്തിന്റെ സപ്തസാഗരങ്ങൾ അലയടിച്ചു.

ഏഴ് നിയുക്ത മെത്രാന്മാരുമായി നടത്തിയ ചർച്ചയിൽ ഉന്നയിച്ച പ്രധാന വിഷയങ്ങളോട് അവർ നടത്തിയ പ്രതികരണം.



*പ്രൊഫ. പി.സി. ഏലിയാസ്*

## ചർച്ച ചെയ്ത പ്രധാന വിഷയങ്ങൾ

1. ജീവിതത്തിൽ ഏറ്റവും കൂടുതൽ സ്വാധീനിച്ചവർ
2. ഏറ്റവും അവിസ്മരണീയമായ അനുഭവം
3. ജീവിത്തിൽ നിന്ന് പഠിച്ച പാഠം
4. അജപാലനശുശ്രൂഷയിലെ മുൻഗണനാക്രമം
5. സ്വപ്ന പദ്ധതി
6. സ്വന്തം പ്രവർത്തന രംഗത്തെക്കുറിച്ച് പ്രത്യേക പ്രതീക്ഷ
7. ജീവചരിത്ര കുറിപ്പ്

### *1. ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ്*

വിശ്വവിഖ്യാത ദാർശനികനും വേദശാസ്ത്ര പണ്ഡിതനുമായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയെ കുമുട്ടിയതും അദ്ദേഹം സെമിനാരിയിൽ പഠിക്കാൻ ക്ഷണിച്ചതും ജീവിതത്തിലെ ഏറ്റവും അവിസ്മരണീയ അനുഭവമായി കരുതുന്നു. അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ് സ്വന്തം മാതാപിതാക്കളുടെയും അമ്മ വീട്ടിലെ അപ്പച്ചന്റെയും അമ്മച്ചിയുടെയും പ്രാർത്ഥനാ ജീവിതവും ദൈവാശ്രയവും ഏറ്റവും വലിയ സ്വാധീനമായി കരുതുന്നു. "എല്ലാം നന്മയ്ക്കായി" എന്നു കരുതുകയും ദൈവത്തിൽ ആശ്രയിക്കുകയും ചെയ്യുക എന്ന പാഠമാണ് ഇതുവരെ പഠിച്ചത്. നമ്മുടെ വൈദികരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തണമെന്ന് ആഗ്രഹിക്കുന്നു. "സാർവത്രീക ദർശനമുള്ള ഒരു ഭാരതീയ സഭ" സ്വപ്നം കാണുന്നു.

കോട്ടയം വൈദിക സെമിനാരി പ്രൊഫസർ, എക്യുമെനിക്കൽ റിലേഷൻസ് വകുപ്പ് സെക്രട്ടറി, ഓർത്തഡോക്സ് വൈദിക സംഘം ജനറൽ സെക്രട്ടറി, ഓർത്തഡോക്സ് - കാതലിക് ചർച്ച് ഡയലോഗ് കോ - സെക്രട്ടറി, ഡബ്ല്യു.സി.സി. കമ്മീഷൻ ഓഫ് എഡ്യുക്കേഷണൽ ആന്റ് എക്യുമെനിക്കൽ ഫോർമേഷൻ ഡലിഗേറ്റ് എന്നീ നിലകളിൽ സേവനമനുഷ്ഠിക്കുന്നു. പ്രഭാഷകനും ഗ്രന്ഥകാരനുമായ അദ്ദേഹം അനവധി ദേശീയ അന്തർദേശീയ സമ്മേളനങ്ങളിൽ സഭയെ പ്രതിനിധീകരിച്ചിട്ടു്. സൊസൈറ്റി ഓഫ് ബിബ്ലിക്കൽ സ്റ്റഡീസ് ഇൻ ഇന്ത്യ, എഫ്.എഫ്.ആർ.ആർ.സി. രജീസ്ട്രാർ, ഡീൻ ഓഫ് ഡോക്ടറൽ സ്റ്റഡീസ് എന്നീ ചുമതലകൾ വഹിച്ചിട്ടു്. കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.എം.യും, അമേരിക്കയിലെ ഗോർഡൻ കോൺവെൽ തിയോളജിക്കൽ സെമിനാരിയിൽ നിന്ന് എം.ആർ.ഇ.യും, ഫോർഡാം യൂണിവേഴ്സിറ്റിയിൽ നിന്ന് പി.എച്ച്.ഡി.യും കരസ്ഥമാക്കി. ഇംഗ്ലീഷ്, ഗ്രീക്ക്, ഹീബ്രു, അമാരക്ക്, സിറിയക്ക് എന്നീ ഭാഷളിൽ പാണ്ഡിത്യമു്. 21 വർഷത്തെ വൈദിക സേവനം പൂർത്തിയാക്കി. മാവേലിക്കര പാലമൂട്ടിൽ മാത്യൂസിന്റെയും മേഴ്സിയുടെയും മകനാണ്. ജന്മദിനം: 18 - 12 - 1952. കൊല്ലം ഭദ്രാസനത്തിലെ കൊല്ലം സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗം.



എല്ലാം നന്മയ്ക്കായി എന്നു കരുതുകയും ദൈവത്തിൽ ആശ്രയിക്കുകയും ചെയ്യുക എന്ന പാഠമാണ് ഇതുവരെ പഠിച്ചത്.

### *2. ഡോ. യൂഹാനോൻ മാർ തെവോദോറോസ്*

സത്യത്തിനും നീതിക്കും വേിയും അശരണർക്കു വേിയും ആദർശ പുരുഷനായി ചെറുപ്പകാലത്ത് ക വിളനിലം മത്തായി ജോസഫ് സാറും സുവിശേഷ തീഷ്ണതയുടെയും സാമൂഹ്യ നീതിയുടയും പ്രവാചകനായ ഡോ.ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയും ശക്തമായ സ്വാധീനമായി കണക്കാക്കുന്നു. 1996 - ൽ റോഡ് അപകടത്തിൽ നിന്ന് അത്ഭുതകരമായി രക്ഷപ്പെട്ടതും ഈജിപ്റ്റിലെ പൗരാണിക അശ്രമത്തിൽ ആറു മാസം കഴിഞ്ഞതുമാണ് അവിസ്മരണീയ അനുഭവങ്ങൾ. ദൗത്യനിർവ്വഹണത്തിൽ വിശ്വസ്തതയും, ആത്മാർത്ഥതയും, നിസ്വാർത്ഥതയും പുലർത്തി ദൈവകൃപയിൽ ആശ്രയിച്ച് മുന്നേറിയാൽ സന്തോഷവും സമാധാനവും സംജാതമാകുമെന്ന് കരുതുന്നു. അജപാലന ശുശ്രൂഷയിൽ അഞ്ച് കാര്യങ്ങൾക്ക് മുൻഗണന നൽകാൻ ആഗ്രഹിക്കുന്നു. ദൈവജനത്തെ ആത്മീയ പ്രബുദ്ധരും ദൗത്യ ബോധമുള്ളവരുമാക്കുക. അദ്ധ്യാത്മിക സംഘടനകളെ ശക്തിപ്പെടുത്തുക. സഭയുടെ ദേശീയ സംസ്കാരം വർദ്ധിപ്പിക്കുക. സഭകൾ തമ്മിലും മതങ്ങൾ തമ്മിലും കൂടുതൽ സംഭാഷണങ്ങൾ പ്രോത്സാഹിപ്പിക്കുക. സർവ്വോപരി സഭയുടെ ഐക്യത്തിനും വികസനത്തിനും ദൈവീകരണത്തിനും അതിലൂടെ സകല മനുഷ്യരുടയും വീടെുപ്പ് സാദ്ധ്യമാക്കുക. ഉത്തമമായൊരു സന്യാസ പ്രസ്ഥാനവുമാണ് സ്വപ്നങ്ങളിൽ മഖ്യമായവ. സഭാംഗങ്ങളെ ദശാംശം നൽകുന്നതിന് പ്രേരിപ്പിക്കുകയും സഥാപനവത്ക്കരണത്തേക്കാൾ സാധുജനസംരക്ഷണത്തിന് പ്രാധാന്യം നൽകുവാനും ആഗ്രഹിക്കുന്നു.

മാവേലിക്കര മിഷൻ ട്രെയിനിംഗ് സെന്റർ പ്രിൻസിപ്പൽ, മലങ്കര ഓർത്തഡോക്സ് സഭാ മിഷൻ സൊസൈറ്റി ആന്റ് മിഷൻ ബോർഡ് സെക്രട്ടറി, പുതുപ്പാടി സെന്റ് പോൾസ് ആശ്രമം സുപ്പീരിയർ, ദൂതൻ മാസിക മാനേജിംഗ് എഡിറ്റർ, സ്നേഹസന്ദേശം സഞ്ചാര സുവിശേഷസംഘം സെക്രട്ടറി, യാച്ചാരാം സെന്റ് ഗ്രീഗോറിയോസ് ബാലഗ്രാം ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. മലങ്കര സഭാ മാസിക എഡിറ്റോറിയൽ ബോർഡ് അംഗമായിരുന്നു. മാവേലിക്കര ബിഷപ്പ് മൂർ കോളജിൽ നിന്ന് ബി.എ.യും, ഉസ്മാനിയ സർവ്വകലാശാലയിൽ നിന്ന് എം.എ.യും, സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.ഡി., എം.റ്റി.എച്ച്. എന്നിവയും കരസ്ഥമാക്കി. മാവേലിക്കര തോപ്പിൽ തെക്കേതിൽ ജോർജ്ജിന്റെയും തങ്കമ്മയുടെയും മകനാണ്. ജന്മദിനം: 10 - 02 - 1953. മാവേലിക്കര ഭദ്രാസനത്തിലെ വഴുവാടി മാർ ബസേലിയോസ് പള്ളി ഇടവകാംഗം.



ദൗത്യനിർവ്വഹണത്തിൽ വിശ്വസ്തതയും, ആത്മാർത്ഥതയും, നിസ്വാർത്ഥതയും പുലർത്തി ദൈവകൃപയിൽ ആശ്രയിച്ച് മുന്നേറിയാൽ സന്തോഷവും സമാധാനവും സംജാതമാകുമെന്ന് കരുതുന്നു. അജപാലന ശുശ്രൂഷയിൽ അഞ്ച് കാര്യങ്ങൾക്ക് മുൻഗണന നൽകാൻ ആഗ്രഹിക്കുന്നു.

### *3. യാക്കോബ് മാർ ഏലിയാസ്*

കുടുംബജീവിതവും സന്യാസജീവിതവും ശ്രേഷ്ഠ പരസ്പര പൂരകവുമായിരിക്കണമെന്നാഗ്രഹിക്കുന്ന വന്ദ്യ യാക്കോബ് മാർ ഏലിയാസ് ഉത്തമ കുടുംബങ്ങളിൽ നിന്നാണ് സന്യാസ പ്രസ്ഥാനങ്ങളിലേക്ക് അംഗങ്ങളെ ലഭിക്കേതെന്ന് വിശ്വസിക്കുന്നു.

മാതാപിതാക്കളും പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതിയൻ കാതോലിക്കാ ബാവായും, എൻ.കെ. കോരുതു മല്പാനച്ചനും, ആർഷഭാരത സംസ്കാരത്തിന്റെ അന്തസത്ത ഗ്രഹിക്കുന്നതിന് സഹായിച്ച എസ്.സദാശിവൻ

കുടുംബജീവിതവും സന്യാസജീവിതവും ശ്രേഷ്ഠ പരസ്പര പൂരകവുമായിരിക്കണമെന്ന് ആഗ്രഹിക്കുന്ന വന്ദ്യ യാക്കോബ് മാർ ഏലിയാസ് ഉത്തമ കുടുംബങ്ങളിൽ നിന്നാണ് സന്യാസ പ്രസ്ഥാനങ്ങളിലേക്ക് അംഗങ്ങളെ ലഭിക്കേതെന്ന് വിശ്വസിക്കുന്നു.

നായർ സാറും ചെലുത്തിയ സ്വാധീനം മഹത്തരമാണെന്ന് അഭി. യാക്കോബ് മാർ ഏലിയാസ് കരുതുന്നു. പത്താം ക്ലാസ് കഴിഞ്ഞതു മുതൽ അഭി. മാത്യൂസ് മാർ കൂറിലോസ് തിരുമേനിയോടൊപ്പം കഴിയാനിടവന്നതാണ് ഒരു അവിസ്മരണീയമായ അനുഭവം. പ്രത്യേക പദ്ധതികളൊന്നും സ്വപ്നം കാണാതെ ദൈവനിയോഗമനുസരിച്ച് വരുന്ന കാര്യങ്ങൾ ദൈവഹിതത്തിന് വിധേയപ്പെട്ട് നിർവഹിക്കാൻ ആഗ്രഹിക്കുന്നു.



ശാസ്താംകോട്ട മാർ ഏലിയാ ചാപ്പൽ മാനേജരും, സെന്റ് ബേസിൽ ബൈബിൾ സ്കൂൾ ഡയക്ടറും ആണ്. എക്യുമെനിക്കൽ റിലേഷൻസ് കമ്മിറ്റി, മാവേലിക്കര മിഷൻ ട്രെയിനിംഗ് സെന്റർ ഗവേണിംഗ് ബോർഡ്, ഓർത്തഡോക്സ് ബൈബിൾ പ്രിപ്പറേഷൻ കമ്മിറ്റി എന്നിവയിൽ അംഗമാണ്. ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം വൈസ് പ്രസിഡന്റ്, കൊല്ലം ഭദ്രാസന സെക്രട്ടറി, മലങ്കര സഭാ മാസിക പത്രാധിപ സമിതി അംഗം, ഓറിയന്റൽ ആന്റ് ആംഗ്ലിക്കൻ ഫോറം അംഗം എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 31 വർഷത്തെ വൈദിക സേവനം പൂർത്തിയാക്കി. കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ധന തത്വ ശാസ്ത്രത്തിൽ എം.എ., സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ബി.ഡി., എം.റ്റി.എച്ച്. എന്നിവ നേടിയിട്ടുണ്ട്. ധ്യാനഗുരുവും ഗ്രന്ഥകാരനുമാണ്. ബുധനൂർ ചക്കാലേത്ത് വിരുതിയത്ത് കിഴക്കേതിൽ മത്തായിയുടെയും മറിയാമ്മയുടെയും മകനാണ്. ജന്മദിനം: 24-02-1953. ചെങ്ങന്നൂർ ഭദ്രാസനത്തിലെ ബധനൂർ സെന്റ് ഏലിയാസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം.

***4. ജോഷ്വാ മാർ നിക്കോദിമോസ്***

റാന്നി ഹോളി ട്രിനിറ്റി ആശ്രമാംഗമായ അഭിവന്ദ്യ ജോഷ്വാ മാർ നിക്കോദിമോസിന് വ്യത്യസ്ഥമായൊരു സ്വപ്നമുണ്ട്. സഭാ കേന്ദ്രത്തോട് ചേർന്ന് ഡൽഹിയിലെ കേരളാ ഹൗസ് പോലെ ഒരു ബിഷപ്പസ് വില്ലേജ്/കോളനി വേണം. ഓരോ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായ്ക്കും ചുമതലക്കാർക്കും അത്യാവശ്യം ഓഫീസ്-കം-റസിഡൻസ് സൗകര്യം ലഭിക്കുന്ന ഒരു കേന്ദ്രം. മാതാപിതാക്കളും മാതൃ ഇടവകയിലെ വൈദികരും, തിരുവനന്തപുരം ഭദ്രാസനാധിപനുമായിരുന്ന അഭി. ഗീവറുഗീസ് മാർ ദീയസ്കോറോസ് തിരുമേനിയും സ്വാധീനിച്ചു. കാൽനൂറ്റാണ്ടോളം കാലത്തെ വൈദീക ജീവിതവും മേല്പട്ട സ്ഥാനത്തേയ്ക്കുള്ള തെരഞ്ഞെടുപ്പും അവിസ്മരണീയമെന്നതാണ് ഇതുവരെ പഠിച്ച പാഠം.



സഭാംഗങ്ങളെ ആരാധനാ ജീവിതത്തിൽ കുറെക്കൂടി സജീവരാക്കുകയും, വിശ്വാസ-ആചാര-അനുഷ്ഠാനങ്ങളിൽ കൂടുതൽ നിഷ്ഠയുള്ളവരാക്കുകയും, അവരുടെ ആദ്ധ്യാത്മികവും ഭൗതികവുമായ വളർച്ചയ്ക്ക് സാധ്യമായ സൗകര്യങ്ങൾ ഒരുക്കുകയുമാണ് മുൻഗണനാക്രമമായി കാണുന്നത്.

സഭാംഗങ്ങളെ ആരാധനാ ജീവിതത്തിൽ കുറെക്കൂടി സജീവരാക്കുകയും, വിശ്വാസ-ആചാര-അനുഷ്ഠാനങ്ങളിൽ കൂടുതൽ നിഷ്ഠയുള്ള വരാക്കുകയും, അവരുടെ ആദ്ധ്യാത്മികവും ഭൗതികവുമായ വളർച്ചയ്ക്ക് സാധ്യമായ സൗകര്യങ്ങൾ ഒരുക്കുകയുമാണ് മുൻഗണനാ ക്രമമായി കാണുന്നത്.

സാമൂഹ്യസേവനരംഗത്ത് സാമ്പത്തിക സ്വയംപര്യാപ്തത ലക്ഷ്യമാക്കി തൊഴിൽ രഹിതർക്കു ഇന്ത്യയിലും വിദേശത്തും സാദ്ധ്യതകൾ കണ്ടെത്താൻ സഹായിക്കുകയും പാലിയേറ്റീവ് കെയർ സർവ്വീസ് പ്രദാനം ചെയ്യുകയും വേണം. പ്രത്യേകിച്ചും വൃദ്ധരായ മാതാപിതാക്കൾ മാത്രം താമസിക്കുന്ന സാഹചര്യത്തിൽ അവർക്ക് ദേവാലയത്തിൽ പോകുന്നതിനും ഷോപ്പിംഗിനും ഹോസ്പിറ്റൽ അസിസ്റ്റൻസിനും സഹായിക്കാൻ സന്നദ്ധസംഘങ്ങൾ രൂപീകരിക്കണം.

റാന്നി ഹോളി ട്രിനിറ്റി ആശ്രമം സുപ്പീരിയറായി സേവനമനുഷ്ഠിക്കുന്നു. തിരുവനന്തപുരം ഹോളി ട്രിനിറ്റി ഡിസേബിൾഡ് ചിൽഡ്രൻസ് സെന്റർ ഡയറക്ടർ, തിരുവനന്തപുരം ഹോളി ട്രിനിറ്റി സ്കൂൾ ലോക്കൽ മാനേജർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കേരളാ സർവകലാശാലയിൽ നിന്ന് സോഷ്യോളജിയിൽ എം.എ.യും, സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.ഡി.യും, ബാംഗ്ലൂർ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പിരിച്ച്വാലിറ്റിയിൽ നിന്ന് എം.റ്റി.എച്ചും, ന്യൂയോർക്ക് ജനറൽ തിയോളജിക്കൽ സെമിനാരിയിൽ നിന്ന് എസ്.ടി.എമ്മും നേടി. അമേരിക്കൻ ഭദ്രാസനത്തിലെയും തിരുവനന്തപുരം ഭദ്രാസനത്തിലെയും വിവിധ ദേവാലയങ്ങളിൽ വികാരിയായിരുന്നിട്ടുണ്ട്. 23 വർഷത്തെ വൈദിക സേവനം പൂർത്തിയാക്കി. കുരമ്പാല ശങ്കരത്തിൽ നെടിയവിളയിൽ മത്തായിയുടെയും തങ്കമ്മയുടെയും മകനാണ്. ജന്മദിനം: 08-10-1962. ചെങ്ങന്നൂർ ഭദ്രാസനത്തിലെ പന്തളം കുരമ്പാല സെന്റ് തോമസ് പള്ളി ഇടവകാംഗം.

***5. ഡോ. സഖറിയാസ് മാർ അപ്രേം***

ഭാരതീയ ദർശനത്തിലും പൗരസ്ത്യ ക്രൈസ്തവ പാരമ്പര്യത്തിലും ആത്മീയാചാര്യൻ ഭരണകർത്താവല്ല എന്നും പിതൃതുല്യനായ ഗുരുവാണെന്നും ഭരണാധികാരിയുടെ കാർക്കശ്യത്തേക്കാൾ പിതൃസഹസഹജമായ വാത്സല്യവും കരുതലുമാണ് വേണ്ടതെന്നും ഡോ. സഖറിയാസ് മാർ അപ്രേം. പാശ്ചാത്യസഭാ ഭരണ സംവിധാനത്തിലെ ബ്യൂറോക്സി അഭികാമ്യമല്ലെങ്കിലും കാര്യക്ഷമത അഭിലഷണീയമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.



പ.ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ, ഡോ.ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി, എൻ.കെ.കോരുത് മല്പാൻ എന്നിവരാണ് സ്വാധീനത്തിന്റെ പ്രധാന ശ്രോതസ്സുകൾ. അസാധാരണമായ ഒരു അവിസ്മരണീയ അനുഭവം അയവറക്കുന്നു മെത്രാപ്പോലീത്ത- പാമ്പാക്കുട അസോസിയേഷനിൽ മേല്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടവരുടെ ഗണത്തിൽ പേരില്ല എന്ന് അറിഞ്ഞപ്പോൾ ദൈവം കനിഞ്ഞ് നൽകിയ സമചിത്തത. അതോട് ചേർന്നു പോകുന്ന ജീവിതപാഠം സ്വായത്തമാക്കി. "പരാജയങ്ങളെ ഫലപ്രദമായ ഉറവുകളും അദ്ധ്യാത്മീകാനുഭവങ്ങളും ആക്കി മാറ്റുക". പൗരസ്ത്യ ക്രൈസ്തവ പാരമ്പര്യവും ഭാരതീയ ആദ്ധ്യാത്മിക പൈതൃകവും സമന്വയിപ്പിക്കുന്ന ജീവിത ദർശനം വളർത്തി മത തീവ്രവാദത്തിൽ നിന്ന് സമൂഹത്തെ രക്ഷിക്കുകയെന്നതാണ് സ്വപ്ന പദ്ധതി.

പരാജയങ്ങളെ ഫലപ്രദമായ ഉറവുകളും അദ്ധ്യാത്മീക അനുഭവങ്ങളും ആക്കി മാറ്റുക. പൗരസ്ത്യ ക്രൈസ്തവ പാരമ്പര്യവും ഭാരതീയ ആദ്ധ്യാത്മിക പൈതൃകവും സമന്വയിപ്പിക്കുന്ന ജീവിത ദർശനം വളർത്തി മത തീവ്രവാദത്തിൽ നിന്ന് സമൂഹത്തെ രക്ഷിക്കുകയെന്നതാണ് സ്വപ്ന പദ്ധതി.

പ. കാതോലിക്കാ ബാവായുടെ പ്രിൻസിപ്പൽ സെക്രട്ടറി, മലങ്കര സഭാ മാസിക ചീഫ് എഡിറ്റർ, കോട്ടയം വൈദിക സെമിനാരി രജിസ്ട്രാർ, എക്യുമെനിക്കൽ റിലേഷൻസ് കമ്മിറ്റി അംഗം, വൈദിക സെമിനാരി ഗവേണിംഗ് ബോർഡ് അംഗം എന്നീ ചുമതലകൾ വഹിക്കുന്നു. കോട്ടയം താഴത്തങ്ങാടി മാർ ബസേലിയോസ് ഗ്രീഗോറിയോസ് പള്ളി വികാരിയുമാണ്. 17 വർഷത്തെ വൈദിക സേവനം പൂർത്തിയാക്കി. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.എസ്.സി.യും, സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.ഡി., എം.റ്റി.എച്ച്., ഡി.റ്റി.എച്ച്. ബിരുദങ്ങളും നേടി. ഭാരതീയ ദർശനം അദ്വൈത വേദാന്തത്തിൽ എന്നതായിരുന്നു ഗവേഷണ വിഷയം. ചുങ്കത്തറ കാട്ടുവെട്ടുർ തച്ചിരുപറമ്പിൽ ഇ.കെ.കുര്യാക്കോസിന്റെയും ശോശാമ്മയുടെയും മകനാണ്. ജന്മദിനം: 11-03-1966. മലബാർ ഭദ്രാസനത്തിലെ ചുങ്കത്തറ സെന്റ് ജോർജ് വലിയ പള്ളി ഇടവകാംഗം.

***6. ഗീവർഗീസ് മാർ യൂലിയോസ്***

സഭ, പ.സുന്നഹദോസ് എന്നിവ വിശ്വസിച് ഏല്പിക്കുന്ന കാര്യങ്ങൾ കഴിവനുസരിച്ച് ദൈവേഷ്ടം നിറവേറ്റുന്ന വിധത്തിൽ ചെയ്യുകയാണ് സ്വപ്ന പദ്ധതിയെന്ന് ഗീവർഗീസ് മാർ യൂലിയോസ്.



സഭയുടെ പൊതുവായതോ, ഭദ്രാസനത്തിന്റെ പ്രത്യേകിച്ചുള്ളതോ ആയ കാര്യങ്ങളല്ലാതെ "സ്വകാര്യ പദ്ധതികൾ" ഉ ാ കുകയില്ലെന്നും അദ്ദേഹം ഉറപ്പിക്കുന്നു. സ്വാധീനം പല വഴികളിൽ നിന്നായിരുന്നു.- മാതാപിതാക്കളും സഹോദരങ്ങളും, സഭാപിതാക്കന്മാരും പ്രത്യേകിച്ച് പുലിക്കോട്ടിൽ തിരുമേനിമാർ, ഗുരുക്കന്മാരും കൂട്ടുകാരും. അനുഭവങ്ങളെല്ലാം സ്മരണീയംതന്നെ. എങ്കിലും പിതാവിന്റെ അടക്കത്തിന് വൈദിക സെമിനാരി കുടുംബം മുഴുവനും വന്ന് സംബന്ധിച്ചത് ഏറ്റവും അവിസ്മരണീയമായി. "എന്നെ നയിക്കുന്നത് ദൈവകൃപ മാത്രമെന്ന് പഠിച്ചു".

ദൈവവിശ്വാസത്തിൽ അടിയുറച്ച സാമൂഹിക പ്രതിബദ്ധതയിൽ ഊന്നിയ ജനത്തെ "സർവ്വോദയ" എന്ന തത്വത്തിലേക്ക് നയിക്കുകയാണ് മുൻഗണന.

നാഗ്പൂർ ഓർത്തഡോക്സ് വൈദിക സെമിനാരി പ്രൊഫസറാണ്. കോഴിക്കോട് സർവ്വകലാശാലയിൽ നിന്ന് ഗണിത ശാസ്ത്രത്തിൽ ബി.എസ്.സി.യും, കോട്ടയം വൈദിക സെമിനാരിയിൽ നിന്ന് ബി.ഡി.യും, ഗുരുകുൽ സർവ്വകലാശാലയിൽ നിന്ന് ഡി.റ്റി.എച്ചും. കരസ്ഥമാക്കിയിട്ടുണ്ട്. 17 വർഷത്തെ വൈദിക സേവനം പൂർത്തിയാക്കി. ദിവ്യ ബോധനം

ഇംഗ്ലീഷ് വിഭാഗം കോ ഓർഡിനേറ്റർ, ലിറ്റർജിക്കൽ ട്രാൻസ്ലേഷൻ കമ്മിറ്റി കൺവീനർ എന്നീ ചുമതലകൾ വഹിക്കുന്നു. കേരളാ കൗൺസിൽ ഓഫ് ചർച്ചസ് അസോസിയേറ്റ് സെക്രട്ടറി, കോട്ടയം വൈദിക സെമിനാരി ലക്ചറർ, ദിവ്യബോധനം രജിസ്ട്രാർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടു്. കണിയമ്പാൽ പുലിക്കോട്ടിൽ പാവുന്റെയും അന്നയുടെയും മകനാണ്. ജന്മദിനം: 17 - 05 - 1967. കുന്നംകുളം ഭദ്രാസനത്തിലെ സൗത്ത് ബസാർ സെന്റ് മാത്യൂസ് പള്ളി ഇടവകാംഗം.

***7. എബ്രാഹം മാർ സെറാഫിം***

"ആളുകൾക്ക് വന്ന് താമസിച്ച് ധ്യാനിക്കുവാനും പ്രാർത്ഥിക്കുവാനും കുമ്പസാരിക്കുവാനും സർവ്വ സൗകര്യങ്ങളോടുകൂടിയ ഒരു ധ്യാന കേന്ദ്രമാണെന്റെ സ്വപ്നം". ഞാൻ വൈദികനാകുവാൻ ദിവസവും പ്രാർത്ഥിക്കുകയും പ്രാർത്ഥനാ ജീവിതം എനിക്ക് പകർന്നു നൽകുകയും ചെയ്ത വല്യപ്പച്ചനാണ് ഏറ്റവും കൂടുതൽ സ്വാധീനിച്ച വ്യക്തി.

അമേരിക്കയിൽ ജനിച്ചു വളർന്ന്, ഉന്നത വിദ്യാഭ്യാസവും ജോലിയുമുള്ള ഒരു യുവാവ് സഭാസേവനത്തിനായി സകലതും ഉപേക്ഷിച്ച് ഇപ്പോൾ കോട്ടയം സ്റ്റുഡന്റ് സെന്ററിന്റെ പരിമിതികളിൽ താമസിച്ച് വിദ്യാർത്ഥി പ്രസ്ഥാനത്തിനുവേി പ്രവർത്തിക്കുന്നു എന്നത് അസാധാരണ അനുഭവമായി തോന്നി. ദൈവാശ്രയമുള്ളവരായി അന്യർക്കുവേി ജീവിക്കണമെന്നതാണ് വലിയ പാഠം. വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ആദ്ധ്യാത്മിക ജീവിതം ശക്തീകരിക്കാൻ വേ സംവിധാനങ്ങൾ ഉാകണം എന്നതിനാണ് മുൻഗണന. പാരമ്പര്യാധിഷ്ഠിത ജീവിതം കാംക്ഷിക്കുന്നവർ യുവതലമുറയിലുമു്. ഉത്തമ പാരമ്പര്യങ്ങൾ പാലിക്കുന്നതിനോടൊപ്പം പരിഷ്കാരങ്ങളും ആവശ്യമാണ്. അതിനുവേി താഴെ പറയുന്ന നാലു കാര്യങ്ങൾ ശ്രദ്ധേയമാണ്.

1. ദൈവശാസ്ത്രവും വേദശാസ്ത്രവും നഷ്ടപ്പെടാതെയുള്ള ആരാധനാ പരിഷ്കരണം.
2. അജപാലന ശുശ്രൂഷയ്ക്ക് വ്യക്തിബന്ധങ്ങളിലൂന്നിയ ഒരു മുഖമുാകണം.
3. ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി സഭയിൽ പഠന/പഠിപ്പിക്കൽ പ്രക്രിയ ശക്തമാക്കണം.
4. കേരളത്തിനു വെളിയിൽ ജനിച്ചുവളരുന്ന തലമുറയ്ക്കായി എല്ലാ ആരാധനകളും ഇംഗ്ലീഷിലേക്കും തർജ്ജമ ചെയ്യുകയും ഉപയോഗിക്കുകയും ചെയ്യണം.

എം.ജി.ഒ.സി.എസ്.എം. ഓഫ് ഇന്ത്യ ജനറൽ സെക്രട്ടറി മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്ന് ബി.എസ്.സി. യും, ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ നിന്ന് തിയോളജിക്കൽ ബിരുദവും, സെറാമ്പൂർ സർവ്വകലാശാലയിൽ നിന്ന് ബി.ഡി.യും, ബാംഗ്ലൂർ ധർമ്മരാം കോജിൽ നിന്ന് എം.റ്റി.എച്ചും, ഷിക്കാഗോ തിയോളജിക്കൽ സെമിനാരിയിൽ നിന്ന് ഗവേഷണ ബിരുദവും നേടി. 10 വർഷം ഇടവക വികാരിയായി സേവനമനുഷ്ഠിച്ചിട്ടു്. സഭാ മാനേജിംഗ് കമ്മിറ്റി, തടാകം ആശ്രമം ഗവേണിംഗ് ബോർഡ് എന്നിവയിൽ അംഗമാണ്. പത്തനംതിട്ട ശാന്തിനിലയം കൗൺസലിംഗ് സെന്റർ ഡയറക്ടറായിരുന്നു. പുത്തൻവീട് വി.എ.മാത്യൂസിന്റെയും ആനിയുടെയും മകനാണ്. ജന്മദിനം: 28 - 12 - 1969. തുമ്പമൺ ഭ്രാസനത്തിലെ ഏറം സെന്റ് ജോർജ് വലിയ പള്ളി ഇടവകാംഗം.

സഭാ ദീപത്തിൽ ഏഴു തിരികൾ കൂടി തെളിഞ്ഞതോടെ ദൃശ്യമായ തിരികളുടെ എണ്ണം മുപ്പത്തിമൂന്നായി. പ്രത്യക്ഷത്തിൽ കാണാൻ കഴിയാത്ത മഹാ പ്രഭകളോടൊപ്പം - സഭയ്ക്കും സമൂഹത്തിനും വെളിച്ചം പകർന്ന് കത്തിക്കൊിരിക്കുന്നവർ. ആ വെളിച്ചം സഭയ്ക്കും സമൂഹത്തിനും വഴികാട്ടിയും മുന്നറിയിപ്പ് നൽകിയും സൗഖ്യപ്പെടുത്തിയും സംരക്ഷിച്ചും നമ്മെ നയിക്കാനിടയാകട്ടെയെന്ന് പ്രാർത്ഥിക്കാം.

സഭയുടെ പൊതുവായതോ, ഭദ്രാസനത്തിന്റെ പ്രത്യേകിച്ചുള്ളതോ ആയ കാര്യങ്ങളല്ലാതെ സ്വകാര്യ പദ്ധതികൾ ഉാകുകയില്ലെന്നും അദ്ദേഹം ഉറപ്പിക്കുന്നു.



ആളുകൾക്ക് വന്ന് താമസിച്ച് ധ്യാനിക്കുവാനും പ്രാർത്ഥിക്കുവാനും കുമ്പസാരിക്കുവാനും സർവ്വ സൗകര്യങ്ങളോടുകൂടിയ ഒരു ധ്യാന കേന്ദ്രമാണെന്റെ സ്വപ്നം.

# പരിസ്ഥിതി കമ്മീഷൻ ഉദ്ഘാടനം ചെയ്തു

ലോക പരിസ്ഥിതി ദിനത്തിൽ പരിസ്ഥിതിയെ സംരക്ഷിക്കുക എന്ന സന്ദേശവുമായി മലങ്കര ഓർത്തഡോക്സ് സഭയുടെ പരിസ്ഥിതി കമ്മീഷന്റെ ഉദ്ഘാടനം പരിശുദ്ധ കാതോലിക്കാ ബാവാ നിർവഹിച്ചു.

***പരിശുദ്ധ കാതോലിക്കാ ബാവായുടെ പ്രസംഗം..*** ഭൂമിയുടെ സംരക്ഷകനാകേ മനുഷ്യന് അതിന്റെ അന്തകനായി മാറികൊ് ഭൂമിക്ക് ചരമഗീതം രചിച്ചുകൊിരിക്കുന്ന ഭയാനകമായ വർത്തമാനകാല യാഥാർത്ഥ്യത്തിനാണ് നാം ഇന്ന് സാക്ഷ്യം വഹിച്ചുകൊിരിക്കുന്നത്. ലോക സമൂഹം ഇന്ന് അഭിമുഖീകരിച്ചുകൊിരിക്കുന്ന കാലാവസ്ഥ വ്യതിയാനങ്ങൾക്കും മറ്റു അനേക പ്രകൃതി ദുരന്തങ്ങൾക്കുമുള്ള പ്രധാന കാരണം മനുഷ്യന്റെ അത്യാർത്തി പു പ്രകൃതി ചൂഷണം തന്നെയാണെന്ന് ആധുനിക ശാസ്ത്ര പഠനങ്ങൾ സംശയ ലേശമെന്യേ തെളിയിച്ചുകഴിഞ്ഞു. അതുകൊ് ഭൂമിയെ ചൂഷണം ചെയ്യുവാൻ വേിയല്ല മറിച്ച് തോട്ടം കാപ്പാനും വേല ചെയ്യുവാനുമായിട്ടാണ് ദൈവം നമ്മെ ഭൂമിയിൽ ആക്കിയിരിക്കുന്നത് എന്ന ഉത്തമമായ ചിന്ത നമ്മെ ഭരിക്കണം. പ്രകൃതി കേന്ദ്രീകൃതമായ ജീവിത ശൈലിയുടെയും ആത്മീയ ജീവിതത്തിന്റെയും വക്താക്കളായി മാറുവാൻ നമുക്ക് ആത്മാർത്ഥമായി ശ്രമിക്കാം.

മലങ്കര ഓർത്തഡോക്സ് സഭ പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകത മനസിലാക്കികൊ് പരിസ്ഥിതി പരിപാലനം ഒരു സുപ്രധാന ദൗത്യങ്ങളിലൊന്നായി ഏറ്റെടുത്തിരിക്കുകയാണ്. സാധാരണക്കാരായ സഭാമക്കൾക്ക് പരിസ്ഥിതിയെപ്പറ്റി കൂടുതൽ അവബോധം നൽകി പ്രകൃതിയെ കൂടുതൽ സ്നേഹിക്കുന്ന ഒരു തലമുറയെ വളർത്തികൊുവരുവാൻ തക്കവണ്ണം ഇന്ന് ഉദ്ഘാടനം ചെയ്യപ്പെട്ടിരിക്കുന്ന സഭയുടെ പരിസ്ഥിതി കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് സാധിക്കട്ടെ എന്ന് നാം പ്രത്യാശിക്കുന്നു.



മഹത്തായ ഒരു സാമൂഹിക ഉത്തരവാദിത്വമാണ് നാം ഇതിലൂടെ നിർവഹിക്കുന്നത് എന്ന ബോധ്യം നമുക്ക് ഉാകം. സമൃദ്ധിയായ ജീവന്റെ ബഹിർസ്ഫുരണമായ ഒരു ഹരിത സഭയും സമൂഹവും യാഥാർത്ഥ്യമാക്കുക എന്ന സ്വപ്നം സാക്ഷാത്കരിക്കുവാൻ നമ്മുടെ പ്രവർത്തനങ്ങൾ മുഖാന്തിരമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ആധുനികതയുടെ കൃത്യമത്വത്തിൽ നിന്നു പ്രകൃതിയുടെ സ്വച്ഛതയിലേക്ക് സമൂഹത്തെ നയിക്കുവാനും കൃഷി കേന്ദ്രീകൃതമായ ഒരു ആവാസ വ്യവസ്ഥയ്ക്ക് പ്രാധാന്യം കൊടുത്തുകൊ് നമ്മുടെ പുത്തൻ തലമുറയെ വളർത്തികൊു വരുവാനും ഈ പ്രവർത്തനങ്ങളിൽ കൂടി ദൈവരാജ്യത്തിന്റെ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിച്ചെടുക്കുവാനുള്ള ധന്യമായ ഈ ദൗത്യത്തിൽ പങ്കുകാരാകുവാനും സഭയായും സമൂഹമായും ഇടവകയായും ഭവനങ്ങളായും വ്യക്തികളായും നമുക്ക് ഒരുമിച്ച് ചേർന്ന് പ്രവർത്തിക്കാം. ഈ സ്വപ്നം യാഥാർത്ഥ്യമാകുവാൻ തക്കവണ്ണം ഇന്ന് പ്രവർത്തനം ആരംഭിച്ചിരിക്കുന്ന സഭയുടെ പരിസ്ഥിതി കമ്മീഷനു സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊും എല്ലാ നന്മകളും ആശംസകളും കമ്മീഷന്റെ പ്രവർത്തനങ്ങൾക്കും നേർന്നുകൊും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരിസ്ഥിതി കമ്മീഷൻ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തതായി നാം പ്രഖ്യാപിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

ചടങ്ങിൽ പരിസ്ഥിതി കമ്മീഷൻ പ്രസിഡന്റ് അഭി. കുര്യാക്കോസ് മാർ ക്ലീമീസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് അഭി. ഡോ.ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്ത, മാവേലിക്കര ബിഷപ്പ് മൂർ കോളേജ് പ്രിൻസിപ്പൽ പ്രൊഫ. മാത്യു കോശി പുന്നക്കാട്, അസോസിയേഷൻ സെക്രട്ടറി ഡോ. ജോർജ് ജോസഫ്, വൈദീക സെമിനാരി പ്രിൻസിപ്പൽ ഫാ.ഡോ.കെ.എം. ജോർജ്, പരിസ്ഥിതി കമ്മീഷൻ സെക്രട്ടറി ഫാ. ബിജു മാത്യൂസ്, പ്രൊഫ. ജേക്കബ് കുര്യൻ ഓണാട്ട്, പ്രൊഫ. പി.സി. ഏലിയാസ് എന്നിവർ പ്രസംഗിച്ചു.

# പുതിയ റെക്കോർഡുമായി ദിദിമോസ് ബാവാ



**ഫാ. എം. ഡി. യൂഹാനോൻ റമ്പാൻ**
*മാനേജർ പരുമല സെമിനാരി*

**മ**ലങ്കര ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷനും മലങ്കര മെത്രാപ്പോലീത്തയും പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ ശ്ലൈഹിക സിംഹാസനത്തിൽ 90-ാമതു പിൻഗാമിയായി ആരുഢനായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദ്വിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ സഭാനൗകയുടെ പരമോന്നത പദവിയിൽ പരിശുദ്ധിയുടെ പര്യായമായി, ദൈവിക ശോഭയോടെ പരിലസിക്കുകയാണ്.

കഠിന തപോചര്യയിലൂടെ മനനം ചെയ്തെടുത്ത തന്റെ ധന്യജീവിതം വാർധക്യത്തിലും വിശ്രമിക്കാനുള്ളതല്ലെന്നു ലോകത്തിന്റെ മുമ്പിൽ തെളിയിച്ചിരിക്കുകയാണ് അദ്ദേഹം. പ്രാർതഥനയോടുകൂടി തന്റെ നിസ്തന്ത്രമായ പ്രവർത്തന ശൈലിയും ധീരമായ കാൽവെയ്പ്പും കഴിഞ്ഞ നാലു വർഷം കൊ് മലങ്കര സയ്ക്കു പുത്തൻ ഉണർവു നൽകി.

സഭാ ചരിത്രത്തിൽ 84-ാം വയസ്സിൽ (ശതാഭിഷേക നിറവിൽ) കാതോലിക്കാ സിംഹാസനത്തിൽ അവരോധിതനാകുന്ന ആദ്യത്തെ കാതോലിക്കായെന്ന ബഹുമതി പരിശുദ്ധ ദ്വിദിമോസ് പ്രമൻ ബാവായ്ക്കു മാത്രം അവകാശപ്പെടാവുന്ന ഒന്നാണ്. മുൻഗാമികളായ ബസേലിയോസ് പൗലോസ് പ്രഥമൻ ബാവാ 76-ാം വയസിലും, ഗീവർഗീസ് പ്രഥമൻ ബാവായും ഗീവർഗീസ് ദ്വിതീയൻ ബാവായും 55-ാം വയസ്സിലും ഔഗേൻ പ്രഥമൻ ബാവാ 80-ാം വയസ്സിലും മാത്യൂസ് പ്രഥമൻ ബാവാ 68-ാം വയസ്സിലും ബസേലിയോസ് മാത്യൂസ് ദ്വിതീയൻ ബാവാ 76-ാം വയസ്സിലുമാണ് കാതോലിക്കയായി അവരോധിക്കപ്പെട്ടത്.



പരിശുദ്ധ ദിദിമോസ് പ്രഥമൻ ബാവാ 2005 ഒക്ടോബർ 31നു പരുമല സെമിനാരിയിൽ വച്ചു കാതോലിക്കാ സ്ഥാനം ഏറ്റു, നാലു വർഷത്തിനകം അഞ്ചു തവണ (ഒരു അസോസിയേഷൻ രു സെഷനുകളിലായി കൂടിയതുൾപ്പെടെ) മലങ്കര സുറിയാനി ക്രിസ്ത്യൻ അസോസിയേഷൻ വിളിച്ചുകൂട്ടിയതും മറ്റൊരു റെക്കോർഡാണ്. പരിശദ്ധ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് ആറാമൻ തിരുമേനിയുടെ അധ്യക്ഷതയിൽ മൂന്നു തവണയും പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായുടെ 35 വർഷത്തെ ഭരണത്തിനിടയിൽ അഞ്ചുതവണയും പരിശുദ്ധ ഔഗേൻ പ്രഥമൻ ബാവായുടെ 11 വർഷത്തെ ഭരണത്തിനിടയിൽ മൂന്നുതവണയും പരിശുദ്ധ മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ 16 വർഷത്തെ ഭരണത്തിനിടയിൽ ആറു തവണയും പരിശുദ്ധ മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവായുടെ 14 വർഷത്തെ ഭരണത്തിനിടയിൽ നാലു തവണയും മലങ്കര അസോസിയേഷൻ കൂടിയിട്ടു്.

മലങ്കര സുറിയാനി ക്രിസ്ത്യൻ അസോസിയേഷൻ വിളിച്ചുകൂട്ടി ഒരേസമയം ഏഴുപേരെ വീതം രു തവണയായി 14 പേരെ മെത്രാപ്പോലീത്തമാരായി തിരഞ്ഞെടുത്തതും മെത്രാപ്പോലീത്തമാരുടെ തിരഞ്ഞെടുപ്പിന് ഇദംപ്രഥമമായി നോംസ് ഏർപ്പെടുത്തിയതും പുതിയ റെക്കോർഡാണ്. മലങ്കര സഭാചരിത്രത്തിൽ ഏഴു മെത്രാപ്പോലീത്തമാരെ പുതുപ്പള്ളി പള്ളിയിൽവച്ച് വാഴിച്ചതും അപൂർവ്വ റെക്കാർഡാണ്. ഇതിനു മുമ്പ് അഞ്ചു മെത്രാപ്പോലീത്തമാരെ വരെ മാത്രമെ ഒരുമിച്ച് വാഴിച്ചിട്ടുള്ളു. പരിശുദ്ധ ദിദിമോസ് പ്രഥമൻ ബാവാ ഇതാരാം തവണയും ഏഴു മേൽപ്പട്ടക്കാരെ ഒരുമിച്ച് വാഴിച്ച് തന്റെ അഞ്ചുവർഷത്തെ ഭരണകാലയളവിനുള്ളിൽ 14 മേൽപ്പട്ടക്കാർക്കു സ്ഥാനം നൽകി. സഭാചരിത്രത്തിൽ തങ്കലിപികളാൽ സർവകാല റെക്കോർഡ് എഴുതിച്ചേർക്കുന്നു. ഇതിനു മുൻപു ഗീവർഗീസ് ദ്വിതീയൻ ബാവാ ആറു തവണകളായി 11 പേരെ വാഴിച്ചപ്പോൾ ബസേലിയോസ് മാത്യൂസ് ദ്വിതീയൻ ബാവാ മൂന്നു തവണയായി 11 പേരെ മേൽപ്പട്ടക്കാരായി വാഴിച്ച റെക്കോർഡുകളാണ് ഇതോടെ തിരുത്തിക്കുറിക്കുന്നത്.



# ഒരു "ജേണൽ" ഉദിക്കുന്നു

**ഇ**ന്ന് ജൂൺ 15; മലങ്കര ഓർത്തഡോക് സഭയ്ക്ക് എന്നും സ്മരണയിൽ നിൽക്കുന്ന ഒരു ദിവസം. നൂറ്റി അറുപത്തിരു വർഷങ്ങൾക്കുമുമ്പ് അഥവാ 1848 ജൂൺ 15 വ്യാഴാഴ്ചയാണ് മുളന്തുരുത്തിയിലെ ചാത്തുരുത്തി ഭവനത്തിൽ പരുമല തിരുമേനി ജനിച്ചത്. ആ പരിശുദ്ധന്റെ ദിവ്യപ്രഭാവം കൊ് പ്രഭാപൂരിതമായ പരുമലയിൽ നിന്നും മലങ്കര സഭയുടെ ഓൺ ലൈൻ ജേണലിന്റെ ആദ്യപ്രതി ജന്മം കൊള്ളുന്നത് ജൂണ് 15-ാം തീയതി തന്നെ. ആയത് യാദൃശ്ചികമല്ല, ദൈവനിയോഗമാണ്.

ഉച്ചഭാഷിണികളുടെയും യന്ത്രസാമഗ്രികളുടെയും കാതടപ്പിക്കുന്ന ശബ്ദകോലാഹലങ്ങളും അന്തരീക്ഷ മലിനീകരണവും ഏറെ സംഭവിച്ചുകൊിരിക്കുന്ന വർത്തമാനകാലത്ത് മിതഭാഷിയായിരുന്ന ഒരു മുനിശ്രേഷ്ഠന്റെ പാത പിന്തുടർന്ന് ദൃശ്യമാദ്ധ്യമത്തിലൂടെ വാർത്തകൾ ജനങ്ങളിലേക്കെത്തിക്കുവാനുള്ള നൂതന സംരംഭം എന്തുകൊും അഭിനന്ദനാർഹമാണ്.

പരിശുദ്ധ പരുമല തിരുമേനിയുടെ ആഗ്രഹ സഫലീകരണം കൂടിയാണ് ഈ മാദ്ധ്യമം എന്നു പറയുന്നതിൽ അതിശയോക്തിയില്ല. കാരണം കേരളത്തിലെ സാമൂഹിക-സാംസ്കാരിക-മതരംഗങ്ങളിൽ 19-ാം നൂറ്റാിന്റെ അന്ത്യശതകങ്ങളിൽ നിറഞ്ഞുനിന്ന വ്യക്തിത്വമായിരുന്നു തിരുമേനിയുടേത്.

സമൂഹത്തിൽ അടിച്ചമർത്തപ്പെട്ട ദളിത് വിഭാഗത്തിന്റെ സമഗ്രമായ മുന്നേറ്റത്തിന് വിവിധ പദ്ധതികൾ നടപ്പാക്കി, സാമൂഹിക-ആത്മീക രംഗത്ത് ചലനോത്മകമായ പല പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുവാൻ തിരുമേനി മുൻകൈയ്യെടുത്തു. അതുപോലെ ഈ മാദ്ധ്യമവും സമൂഹത്തിലും സഭയിലും ചലനങ്ങൾ സൃഷ്ടിക്കുവാൻ ഉതകുമെന്ന് നമുക്കു പ്രതീക്ഷിക്കാം. കേരള ചരിത്രത്തിലും മലയാള സാഹിത്യത്തിലും ഉയർന്ന സ്ഥാനം ലഭിക്കേ വ്യക്തിത്വം പരുമല തിരുമേനിക്കു്. ഊർശ്ലേം യാത്രാ വിവരണം മലയാളത്തിലെ ലക്ഷണമൊത്ത ആദ്യത്തെ സഞ്ചാര സാഹിത്യകൃതിയാണ്. അതിൽ യാത്രകളും അനുഭവങ്ങളും ഒരുമിച്ച് കോർത്തിണക്കിയിട്ടു്. വർണ്ണനകളിലും വിവരണങ്ങളിലും നൈസർഗ്ഗീകമായ രീതി പിന്തുടർന്നിരിക്കുന്നത് തിരുമേനിയുടെ സാഹിത്യ അഭിവാഞ്ചയുടെ ഉദാഹരണമാണ്. സാഹിത്യത്തിനും സമൂഹത്തിന്റെ ഉന്നമനത്തിനും ആത്മാർത്ഥമായി പ്രവർത്തിച്ചിരുന്ന തിരുമേനി നിശ്ചയമായും ഈ ഉദ്യമത്തെ അനുഗ്രഹിച്ച് ആശീർവദിക്കുമെന്നതിൽ നമുക്ക് സന്തോഷിക്കാം.

കഴിഞ്ഞ കുറെ നാളുകളായി പരുമല മാനേജർ വന്ദ്യ യൂഹാനോൻ റമ്പാച്ചന്റെ നേതൃത്വത്തിൽ അനേകരുടെ ആത്മാർത്ഥ പരിശ്രമത്തിന്റെ ഫലമായി തലമുറകൾക്കു



**ജേക്കബ് ഉമ്മൻ**

കൈമാറുവാൻ ഹൃദയമൺചെരാതിൽ ഇറ്റുവെട്ടവുമായി ഇന്നു വെളിച്ചം കാണുന്ന ഈ മാദ്ധ്യമം സഭയ്ക്കും സമൂഹത്തിനും ഒരു സ്നേഹസമ്മാനമാണെന്നുള്ളതിൽ സംശയമില്ല.

ഇത് സഭയ്ക്കൊരു പുത്തൻ അനുഭവമാണ്. ഈ അനുഭവത്തിന്റെ സുകൃതം തലമുറകളിൽ നിന്നും തലമുറകളിലേക്ക് കൈമാറുവാൻ പരുമല തിരുേനിയുടെ അനുഗ്രഹവും മദ്ധ്യസ്ഥതയും തുണയാകട്ടെ എന്നു പ്രാർത്ഥിക്കാം.

# കാതോലിക്കേറ്റ് ശതാബ്ദി ആഘോഷം



**തോമസ് മാർ അത്തനാസ്യോസ്**
**(മെത്രാപ്പോലീത്ത , ചെങ്ങന്നൂർ ഭദ്രാസനം)**

### "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (വി. യോഹന്നാൻ 8:32)

ക്രിസ്തു ശിഷ്യനായ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായിരിക്കുന്ന മലങ്കര സഭയുടെ 1960-ാം വാർഷികവും സഭയുടെ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായ പൗരസ്ത്യ കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ ശതാബ്ദിയും 2012-ൽ മലങ്കര സഭ സംയുക്തമായി വിപുലമായ കർമ്മ പരിപാടികളോടെ ആചരിക്കുന്നതാണ്.

മലങ്കര ഓർത്തഡോക്സ് സഭ, ഭാരത ഭൂവിലെ ദേശീയവും അതിപുരാതനവുമായ സഭാ സമൂഹമാകയാൽ കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനം ഭാരതത്തിന്റെ തലസ്ഥാന നഗരിയിൽ വച്ച് 2010 നവംബർ 2-ാം വാരത്തിൽ പ്രൗഢഗംഭീരമായ രീതിയിൽ നടത്തുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു. ഉദ്ഘാടന സമ്മേളനത്തിന്റെ തലേദിവസം ഡൽഹിയിൽ വച്ച് പ.എപ്പിസ്കോപ്പൽ സുന്നഹദോസും സഭാ മാനേജിംഗ് കമ്മിറ്റിയും സമ്മേളിക്കുന്നതാണ്. ശതാബ്ദി ആഘോഷ ഉദ്ഘാടന ദിനം മലങ്കര സഭയിലെ എല്ലാ ഇടവകകളിലും കാതോലിക്കേറ്റ് പതാകദിനമായി ആചരിക്കേ താണ്. കാതോലിക്കേറ്റ് ശതാബ്ദിയുടെ പ്രത്യേക പ്രാർത്ഥനാ ക്രമം ശ്രേഷ്ഠാനുമതിയോടുകൂടി പ്രസിദ്ധീകരിച്ച് എല്ലാ ഇടവകകളിലും ലഭ്യമാക്കുകയും, 2010-ലെ കാതോലിക്കാദിനം പ്രാർത്ഥനാദിനമായി ആചരിക്കുകയും ചെയ്യണം. 2010 ഓഗസ്റ്റ് 1 മുതൽ 25 രെ എല്ലാ ഇടവകകളിലും കാതോലിക്കേറ്റിന്റെ ചരിത്രവും പ്രാധാന്യവും സംബന്ധിച്ചുള്ള പ്രത്യേക പ്രഭാഷണങ്ങൾ സംഘടിപ്പിക്കുകയും കഴിഞ്ഞ നൂറ്റാിലെ സഭാ വളർച്ചയുടെ ഭാഗമായിരുന്ന 80 വയസ് പൂർത്തിയായ മുതിർന്ന പൗരന്മാരെ ഇടവക തലത്തിൽ ആദരിക്കുകയും ചെയ്യണം.

എല്ലാ ഭദ്രാസന ആസ്ഥാനങ്ങളിലും 2010-ലെ കാതോലിക്കാ ദിനത്തിൽ കാതോലിക്കേറ്റ് ശതാബ്ദി വിളംബര സമ്മേളനങ്ങൾ ക്രമീകരിക്കുന്നതാണ്. ഡബ്ലിയു.സി.സി., സി.സി.എ., എൻ.സി.സി.ഐ. തുടങ്ങി ദേശീയ-അന്തർദേശീയ എക്യുമെനിക്കൽ ക്രൈസ്തവ പ്രസ്ഥാനങ്ങളുടെ സുപ്രധാന സമ്മേളനങ്ങൾ മലങ്കര സഭയുടെ ചെന്നൈ, കൽക്കട്ട, ബാംഗ്ലൂർ, അഹമ്മദാബാദ് തുടങ്ങി ഭദ്രാസന കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു. വിവിധ ഭദ്രാസനങ്ങളുടെ ആഭിമുഖ്യത്തിൽ ഭാരതത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ വച്ച് സർവ്വമത-സാംസ്കാരിക സമ്മേളനങ്ങളും ക്രമീകരിക്കുന്നു്. 2011-ലെ കാതോലിക്കാ ദിനം ശാസ്താംകോട്ട, കാർത്തികപ്പള്ളി, പാമ്പാക്കുട, പഴഞ്ഞി, നിരണം എന്നീ കേന്ദ്രങ്ങളിൽ വച്ച് മേഖലാ അടിസ്ഥാനത്തിൽ ആഘോഷിക്കുമ്പോൾ, 2010ലെ കാതോലിക്കാദിനം ഇടവക/ഡിസ്ട്രിക്ട് തലങ്ങളിൽ വിപുലമായ പരിപാടികളോടെ ആചരിക്കുവാനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. മലങ്കര സഭാമക്കൾ അധിവസിക്കുന്ന എല്ലാ വിദേശ രാജ്യങ്ങളിലും ഭദ്രാസന അടിസ്ഥാനത്തിൽ വിവിധ ആദ്ധ്യാത്മിക സംഘടനകളുടെ ആഭിമുഖ്യത്തിൽ ര് വർഷം നീുനിൽക്കുന്ന വിവിധ പരിപാടികൾ ക്രമീകരിക്കുന്നു്.

2011-2012 ഓടെ നസ്രാണി പൈതൃകം വിളംബരം ചെയ്യുന്ന ഒരു പ്രദർശനം സഭാതലത്തിൽ ക്രമീകരിക്കും. അതേവർഷം കാതോലിക്കാ ദിനത്തോട് ചേർന്ന് തിരുവിതാംകോട് മുതൽ സുൽത്താൻ ബത്തേരി വരെ നസ്രാണി ചരിത്രം ഉറങ്ങുന്ന സ്ഥലങ്ങളിലൂടെ ഒരു സ്മൃതി യാത്രയും ക്രമീകരിച്ചിരിക്കുന്നു. 2012 സെപറ്റംബറിൽ കോട്ടയത്ത് ലോകത്തിലെ എല്ലാ ക്രൈസ്തവ സഭാ മേലദ്ധ്യക്ഷന്മാരുടെയും സമ്മേളനം പ.ബാവാ തിരുമേനി വിളിച്ചു ചേർക്കും. 2012 സെപ്റ്റംബറിൽ മലങ്കര സഭാമക്കൾ മുഴുവൻ ഒത്തുചേരുന്ന നസ്രാണി സംഗമം എറണാകുളം മറൈൻ ഡ്രൈവിൽ നടത്തപ്പെടുന്നതാണ്.

2012-ഓടെ സഭയിലെ ഭവനരഹിതർക്കെല്ലാം ഭവങ്ങൾ നിർമ്മിച്ച് നൽകുന്ന പദ്ധതി പൂർത്തീകരിക്കും. ദരിദ്രരായ 100 ക്യാൻസർ ബാധിതർക്കും, ഹൃദയശസ്ത്രക്രിയ ആവശ്യമുള്ള 100 രോഗികൾക്കും സൗജന്യ ചികിത്സാ സഹയം നൽകുന്നതാണ്. അർഹരായ 100 പെൺകുട്ടികളുടെ വിവാഹം നടത്തുന്നതോടൊപ്പം 100 നിർദ്ധനരും സമർത്ഥരുമായ വിദ്യാർത്ഥികൾക്ക് സൗജന്യ പഠന സ്കോളർഷിപ്പും നല്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

കാതോലിക്കേറ്റ് ശതാബ്ദിയോടനുബന്ധിച്ച് പരുമലയിൽ സഭാ മ്യൂസിയം ആരഭിക്കുവാൻ നിശ്ചയിച്ചിട്ടു്. കേരളത്തിന് പുറത്ത് കൂടുതൽ മിഷൻ കേന്ദ്രങ്ങൾ പൂർത്തിയാക്കും. **സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണങ്ങൾ എല്ലാ ഭവനങ്ങളിലും എത്തിക്കുവാൻ വേ നടപടികൾ സ്വീകരിക്കും. ഇംഗ്ലീഷ്, മലയാളം ഭാഷകളിലായി കാതോലിക്കേറ്റിന്റെ ചരിത്രവും പ്രാധാന്യും വിശദമാക്കുന്ന ഗ്രന്ഥങ്ങളും ഡോക്യുമെന്ററികളും പ്രസിദ്ധീകരക്കുന്നതാണ്. പരസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരമായി ശതാബ്ദിയോടുബന്ധിച്ച് ഹരിതസഭ എന്ന പദ്ധതി പ്രാധാന്യത്തോടെ നടപ്പിൽ വരുത്തുന്നതാണ്. കാതോലിക്കേറ്റ് ശതാബ്ദി സ്മാരക കെട്ടിട സമുച്ചയവും ഉചിതമായ സ്ഥലത്ത് നിർമ്മിക്കുവാൻ ആഗ്രഹിക്കുന്നു.**

മാർത്തോമ്മാ പൈതൃകവും, പാരമ്പര്യവും, പൗരാണിക ആരാധനാനുഷ്ഠാനങ്ങളും, ഭാരത സംസ്കാരത്തിന്റെ പരിശുദ്ധിയും കാത്തുസൂക്ഷിക്കുന്ന ഭാരത ഓർത്തഡോക്സ് സഭയുടെ യശസ്സും അഭിമാനവും ലോകസമൂഹത്തിൽ ഉയർത്തിക്കാട്ടുവാൻ ഉതകുന്ന രീതിയിൽ കാതോലിക്കേറ്റിന്റെ ഈ ശതാബ്ദി ആഘോഷങ്ങൾ ഏറ്റവും അനുഗ്രഹീതമായ രീതിയിൽ ആചരിക്കുവാൻ എല്ലാ സഭാ മക്കളുടെയും പ്രാർത്ഥനയും സഹകരണങ്ങളും അനിവാര്യമാണ്. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

"*മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം നീണാൾ വാഴട്ടെ*".

## ഓർത്തഡോക്സ് സഭയ്ക്ക് 290.80 കോടിയുടെ ബഡ്ജറ്റ്

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ മാനേജിംഗ് കമ്മിറ്റിയിൽ അസോസിയേഷൻ സെക്രട്ടറി ഡോ. ജോർജ് ജോസഫ് അവതരിപ്പിച്ച 290.80 കോടിയുടെ ബഡ്ജറ്റ് അംഗീകരിച്ചു.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി സ്മൃതി ഓഡിറ്റോറിയത്തിൽ ചേർന്ന യോഗത്തിൽ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത നവാഭിഷിക്തരായ ഏഴ് മെത്രാപ്പോലീത്തന്മാരെ അഭിനന്ദിച്ച് പ്രസംഗിച്ചു. ഫാ. പ്രൊഫ കുര്യൻ ദാനിയേൽ ധ്യാനം നയിച്ചു. പി.സി.ഏബ്രഹാം പടിഞ്ഞാറേക്കര, ഫാ. ആൻഡ്രൂസ് ഏബ്രഹാം കോർ എപ്പിസ്കോപ്പ എന്നിവരുടെ നിര്യാണത്തിൽ അനുശോചിച്ചു. കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ ബന്യാമിൻ, പത്മശ്രീ നേടിയ ഡോ. കുര്യൻ ജോൺ മേളാംപറമ്പിൽ, ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് ഗവർണറായ പോൾ മത്തായി എന്നിവരെ യോഗം അനുമോദിച്ചു. ഈ വർഷം കാതോലിക്കാദിന പിരിവിൽ നിന്നും 3 കോടി രൂപ വരവു പ്രതീക്ഷിക്കുന്നതായും വിവാഹ സഹായ നിധിയിലേക്ക് 40 ലക്ഷം രൂപയും , പഠന സഹായം ചികിത്സാ സഹായം എന്നിവയ്ക്കായി 44 ലക്ഷം രൂപയും നീക്കിവച്ചിട്ടുള്ളതായും സെക്രട്ടറി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞു. സ്ത്രീ ശക്തീരണത്തിനായുള്ള നവജ്യോതി സ്വയം തൊഴിൽ പദ്ധതിക്ക് 11 ലക്ഷം രൂപയും മട്ടാഞ്ചേരി കൂനൻ കുരിശ് സ്മാരകത്തിന് 43 ലക്ഷം രൂപയും വകയിരുത്തിയിട്ടു്. നീതി സ്റ്റോർ മാതൃകയിൽ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കും. പള്ളി മൂപ്പന്മാർക്ക് ഇൻഷുറൻസ്, ബ്രഹ്മവാർ വികസനം, വെല്ലൂർ സ്നേഹഭവൻ വികസനം, കോയമ്പത്തൂർ ചിൽഡ്രൻസ് ചാപ്പൽ, ഗോവയിൽ അൽവാറിസ് സ്മൃതി മന്ദിരം, മുളന്തുരുത്തിയിൽ പരുമല തിരുമേനി സ്മൃതി മന്ദിരം എന്നീ പദ്ധതികളും ബഡ്ജറ്റിൽ ഉൾപ്പെടത്തിയിട്ടു്. 43 ശതമാനം ശമ്പള വർദ്ധനവ് ഉൾക്കൊള്ളിക്കുന്ന വൈദിക ശമ്പള പദ്ധതി യോഗം അംഗീകരിച്ചു. റാന്നി-നിലയ്ക്കൽ, അടൂർ-കടമ്പനാട്, കൊട്ടാരക്കര-പുനലൂർ, ബ്രഹ്മവാർ എന്നീ നാല് പുതിയ ഭദ്രാസനങ്ങൾ രൂപീകരിക്കുവാൻ തീരുമാനിച്ചു.

മലങ്കര വർഗീസ് വധം സംബന്ധിച്ചു നടക്കുന്ന സി.ബി.ഐ. അന്വേഷണം മുഴുവൻ പ്രതികളെയും നീതി പീഠത്തിന് മുമ്പിൽ എത്തിക്കാനും ഗൂഢാാോചന പുറത്തു കൊുവരാനും ഉതകുന്ന വിധത്തിൽ ആകണമെന്ന് അധികാരികളോട് അഭ്യർത്ഥിക്കുന്ന പ്രമേയവും അംഗീകരിച്ചു.

### പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ



**ഔഗേൻ മാർ ദീവന്നാസിയോസ്**
**വള്ളിക്കാട്ട് ദയറാ**
**06-06-2010**
*"നീതിമാന്റെ ഓർമ്മ വാഴ്വിനായി തീരട്ടെ"*

### പരുമല തിരുമേനിയുടെ വചന സൂക്തം

**അധ്വാനം**

"വിയർപ്പാൽ അപ്പം ഭക്ഷിച്ചുകൊള്ളണമെന്നാണ് ദൈവം കല്പിച്ചിട്ടുള്ളത്. എന്തിനെങ്കിലും കൊള്ളാതിരുന്നാൽ എന്തുഫലം? ഉള്ളവർ ഇല്ലാത്തവനെപ്പോലെ വിചാരിച്ചു പരിശ്രമിക്കണം. വേലയെടുക്കാതിരുന്നാൽ പിത്ത മു ാ കും." (സ്വ.ക)